
# നീഹാരം

AL-AZHAR

AL AZHAR
TRAINING COLLEGE,
THODUPUZHA

## COLLEGE MAGAZINE
BATCH 2019 – 2021







തൊടുപുഴയിൽ പ്രവർത്തിക്കുന്ന അൽ അസ്ഹർ ട്രെയിനിങ് കോളേജ് 'നീഹാര' എന്ന പേരിൽ കോളേജ് മാഗസിൻ പുറത്തിറക്കുന്നതിൽ ഒരായിരം സന്തോഷം. കോളേജ് മാഗസിന്റെ പ്രവർത്തനം വിജയകരമാവട്ടെ എന്ന് ആശംസിക്കുന്നു.

സ്നേഹത്തോടെ...

**ശ്രീ. എം എം മണി**
വൈദ്യുതി വകുപ്പ് മന്ത്രി, കേരള സർക്കാർ.

## Message from the **Minister**



ആശംസകളോടെ

സർഗ്ഗാത്മകതയുടെ നീഹാര ബിന്ദുക്കളാൽ സമാലംകൃതമായ അൽ-അസ്സർ കോളേജ് ഓഫ് ടീച്ചർ എഡ്യുക്കേഷന്റെ ഈ വർഷത്തെ മാഗസിന് എല്ലാ ആശംസകളും നേരുന്നു. കോവിഡ് മഹാമാരിയുടെ ഈ കാലഘട്ടത്തിലും അധ്യാപക വിദ്യാർത്ഥികൾ അക്ഷരങ്ങളുടെ ലോകത്തെ ഉദാത്തമാക്കുന്ന പുതിയ കർമ്മകാണ്ഡങ്ങളുമായി മുന്നേറുന്നത് ഏറെ ശ്ലാഘനീയമാണ്. ഭാവി വാഗ്ദാനങ്ങളെ വാർത്തെടുക്കുന്നതിനുള്ള പരിശീലനത്തിനിടയിലും നാടിന്റെ ഗതി വിഗതികളും, ജനാധിപത്യ പ്രക്രിയയുടെ വികാസ പരിണാമങ്ങളും സസൂഷ്മം നിരീക്ഷിക്കുന്നവരും കാലത്തിന്റെ ചുവരെഴുത്തുകൾ കണ്ടറിഞ്ഞ് അനുദിനം നവീകരിക്കപ്പെടുന്ന നിത്യവിദ്യാർത്ഥികളായി നിങ്ങൾ മാറട്ടെ എന്ന് ആശംസിച്ചുകൊണ്ട്...

നിങ്ങളുടെ സ്വന്തം

**അഡ്വ. ഡീൻ കുര്യാക്കോസ്**
മെമ്പർ ഓഫ് പാർലിമെന്റ്

Message from
the **Member of Parliament**



സമൂഹത്തിലെ ചാലനാത്മ്ക ചിന്തകൾ കലാലയങ്ങളിൽ രചിക്കപെടുന്നു. വിദ്യാർത്ഥികൾ ചേർത്തുവെക്കുന്ന ചില ചിതറിയ ചിന്തകൾ സർഗ്ഗസൃഷ്ടികളായി മാറുകയും വായനയുടെ വിശാലലോകത്തിലൂടെ ആസ്വാതകഹൃദയങ്ങൾ കീഴടക്കുകയും ചെയ്യുന്നയത് യുവത്വം പ്രസരിക്കുന്ന കലാലയങ്ങളുടെമാത്രം സവിശേഷതയാണ്. അദ്ധ്യാപനമേഖലയിൽ അഭിരമിച്ചുകൊണ്ട് നാളെയുടെ സമൂഹത്തെ രൂപപ്പെടുത്താൻ തയ്യാറെടുക്കുന്ന അൽ അസർ ബി. എഡ് ട്രെയിനിങ് കോളേജിലെ 2019 – 2021 ബാച്ചിലെ വിദ്യാർത്ഥികൾ ഒരുക്കുന്ന ‘നീഹാരം’ എന്ന മാസിക രചനാത്മ്ക ചിന്തകളാൽ സമ്പന്നമാണ്. നാളെയുടെ സമൂഹത്തെ നയിക്കുവാനും ഭാവിയുടെ യുവത്വത്തെ പ്രചോദിപ്പിക്കാനും നീഹാരത്തിൽ ഉൾച്ചേർന്നിരിക്കുന്ന ചിന്താശകലങ്ങൾക്ക് കഴിയട്ടെ.

പ്രളയം ദുരിതമായിമാറിയ വർഷകാലത്ത് അതിജീവനത്തിനായുള്ള സഹായഹസ്തങ്ങൾ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് സംഭവനയായി നൽകിയ ഈ ബാച്ചിനെ അനുസ്മരിക്കുകയും ഭാവിതലമുറയുടെ ഉത്കാഴ്ചയിലേക്കായി സമർപ്പിക്കുകയും ചെയ്യുന്നു.

ആശംസകളോടെ....

**എച്ച്. ദിനേശൻ ഐ. എ. എസ്**
ജില്ലാ കളക്ടർ & ജില്ലാ മജിസ്ട്രേറ്റ്, ഇടുക്കി

Message from
the **District Collector**



അൽ അസ്ഹർ ബി എഡ് വിദ്യാർത്ഥികൾ 2019-21 നീഹാരമെന്ന പേരിൽ ഒരു മാഗസിൻ പുറത്തിറക്കുന്നു എന്നറിഞ്ഞതിൽ ഏറെ സന്തോഷം.

എന്നും നന്മയുടെ വഴിയിൽ മുന്നിൽ നടന്ന ഒരു ബാച്ചാണിത്. ഓരോ സംരംഭങ്ങളിലും കോളേജ് വിദ്യാർത്ഥികളെ ആകമാനം പരിഗണിക്കുന്ന പ്രവർത്തനങ്ങളാണ് ബി എഡ് വിദ്യാർഥികൾ കാഴ്ചവച്ചിട്ടുള്ളത്. പിരിയുന്ന വേളയിൽ ഒരു ഓർമ്മക്കുറിപ്പായി ഈ മാഗസിൻ മാറും എന്നതിൽ യാതൊരു സംശയവുമില്ല. ഈ വിദ്യാഭ്യാസ സ്ഥാപനത്തിന്റെ ചെയർമാൻ എന്ന നിലയിൽ വിദ്യാർത്ഥികളുടെ ഓരോ പ്രവർത്തനത്തെയും അഭിമാനത്തോടെ മാത്രമേ ഓർക്കാൻ കഴിയൂ.

ഈ ക്യാമ്പസിന് അഭിമാനത്തോടെ ഓർക്കാൻ കഴിയുന്ന മറ്റൊരു സമ്മാനത്തിനു കൂടി, ആത്മാർത്ഥമായ ആശംസകൾ അറിയിക്കുകയാണ്

സ്നേഹവാത്സല്യങ്ങളോടെ...

**കെ. എം മൂസ (ചെയർമാൻ)**
അൽ-അസ്ഹർ ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റ്യൂഷൻസ്

Message from
the **Chairman**



കണ്ണു തുറന്നു സ്വപ്നം കാണിക്കുന്ന അത്ഭുത ലോകമാണ് വായനയുടേത്. മനുഷ്യ മനസ്സിലെ വരണ്ട മരുഭൂമിയിലെ മരുപ്പച്ചകൾ പോലെയാണ് കലാ സൃഷ്ടികൾ. വായിക്കുന്നവന്റെ ഉള്ളം നിറച്ചു മനസ്സിന് പച്ചപ്പ് നൽകി ചിന്തകൾക്ക് ദിശാബോധം നൽകാൻ എന്നും കലാസൃഷ്ടികൾക്ക് കഴിഞ്ഞിട്ടുമുണ്ട്. ഏതൊരു എഴുത്തുകാരനെയും പാകപ്പെടുത്തുന്നതും അവന്റെ ആവനാഴിയിലെ വാക്കുകൾക്ക് മൂർച്ചയും ആഴവും പരപ്പും നൽകുന്നതും അവന്റെ കലാലയ ജീവിതമാണെന്ന് നിസ്സംശയം പറയാം. വിദ്യാർത്ഥികളുടെ ജീവിത വീക്ഷണങ്ങളും ഉൾകാഴ്ച്ചകളും സ്വപ്നങ്ങളും എല്ലാം കഥകളിലൂടെയും കവിതകളിലൂടെയും പ്രബന്ധങ്ങളായും ഘോഷിക്കപ്പെടുന്നതിനു കോളേജ് മാഗസിനുകൾ വഹിക്കുന്ന പങ്കു ചെറുതല്ല. അതിനു ഊടും പാവും നൽകുന്ന വിദ്യാർത്ഥികളെ സംബന്ധിച്ചു അവരുടെ കലാലയ ജീവിതത്തിന്റെ വളരെ അമൂല്യമായ ഒരേടായി അത് മാറും എന്നത് നിസ്സംശയം പറയാം. അത്തരത്തിൽ അൽ അസ്ഹർ ബി. എഡ് കോളേജിൽ നിന്നും "നീഹാരം" എന്ന പേരിൽ ഒരു കോളേജ് മാഗസിൻ പുറത്തിറക്കുന്നു എന്നറിഞ്ഞതിൽ ഞാൻ ഏറെ സന്തോഷിക്കുന്നു. അഭിമാനിക്കുന്നു. അക്ഷരം അറിവാണ്. അറിവ് അഗ്നിയാണ് വായന മരിക്കുന്നില്ല.

സ്നേഹവാത്സല്യങ്ങളോടെ...

**അഡ്വ: മിജാസ് കെ. എം.**
**(മാനേജിങ് ഡയറക്ടർ)**
അൽ-അസ്ഹർ ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റ്യൂഷൻസ്

Message from
the **Managing Director**



എന്റെ സ്നേഹ നിധികളായ വിദ്യാർത്ഥികളുടെ
ആശ്രാന്ത പരിശ്രമഫലമാണ് നീഹാരം.
രണ്ട് വർഷക്കാലത്തെ ഓർമ്മകളും
സ്വപ്നങ്ങളും സുന്ദരനിമിഷങ്ങളും തണു
നിറഞ്ഞ അക്ഷരങ്ങളായി അവരീ താളിൽ
പകർത്തുമ്പോൾ പ്രിൻസിപ്പലെയെന്ന
നിലയിൽ ഞാനഭിമാനിക്കുന്നു.
നിങ്ങളുമൊത്തുള്ള  മനോഹരമായ
മുഹൂർത്തങ്ങളിൽ ഭാഗമാവാൻ കഴിഞ്ഞതിൽ
ഏറെ സന്തോഷവും സ്നേഹവും
രേഖപ്പെടുത്തുവാൻ ഈ ഇടം
ഞാനുപയോഗിക്കുന്നു. സാധാരണ
വിദ്യാർത്ഥികളെക്കാൾ ഉപരിയായി
സർഗാത്മകതയുടെ വേറിട്ട വഴികളിലൂടെ
സഞ്ചരിക്കാൻ ശ്രമിച്ചവരാണ് നിങ്ങൾ.
നിങ്ങളിവിടുണ്ടായിരുന്ന ഈ
രണ്ടുവർഷക്കാലം നിങ്ങളുടെ പഠനകാലമായി
രേഖപെടുത്താനല്ല, ജീവിത കാലമായി
ചേർത്തുവെക്കാനാണ് ഞാനാഗ്രഹിക്കുന്നത്.
കൊറോണയുടെ പിടിയിലമർന്നു
ആശങ്കജനകമായി തീർന്ന വൈജ്ഞാനിക
മേഖലയെ ബിനോക്സിലൂടെ ഉണർവ്വ്
നൽകിയ നിങ്ങളുടെ  പ്രവർത്തനങ്ങൾ
മാതൃകാപരമായിരുന്നു.
ഇനിയും ജീവിതവഴിയിൽ ഈ നന്മകൾ
തുടരട്ടെ...

നിഹാരമിനിയും നിർത്താതെ പെയ്യട്ടെ...

**ജെബിമോൾ സി മൈതീൻ**
(പ്രിൻസിപ്പൽ)
അൽ-അസ്ഹർ ട്രെയിനിങ് കോളേജ്

Message from
the **Principal**

# കൂടെ നിന്ന് നയിച്ചവർ



**ALEX BABU**
Chairman



**AKSHAYA RAMACHANDRAN**
Vice Chairperson



**ABHIRAMI K S**
Arts Co-Ordinator




**MUNEER M**
Arts Co-Ordinator



**MUSHTHAK AHAMMAD**
Magazine Editor




**KISHOR RAMACHANDRAN**
Magazine Sub Editor



**RASAL SABU**
Magazine Sub Editor



**ABHIJITH JOSE**
Sports Secretary



MUSHTHAK AHAMMAD

വെള്ളത്തിൽ കൈമുക്കി ഉയർത്തി
പ്രവാചകൻ പറഞ്ഞു. ഈ വീഴുന്ന
വെള്ളത്തുള്ളിയാണ് ജീവിതം..

ഒരുതുള്ളി ചിന്തിക്കാൻ
തീരുമാനിച്ചു...

തലയിലിടം കിട്ടാതവൾ
കണ്ടറിയാമെന്ന് കരുതി...

കണ്ണിൽ നിറയാൻ കഴിയാതെ
ഒഴുകാൻ തുടങ്ങി...

ചുണ്ടിൽ തങ്ങിനിൽക്കാൻ
കഴിയാതെ പിടിച്ചു നിന്നു...

കൈവെള്ളയിലലിയാൻ കഴിയാതെ
വിരൽത്തുമ്പിൽ നിന്ന് ചാടി
ആത്മഹത്യചെയ്തു...

തീർന്നെന്ന് കരുതിയ
നേരത്തവളൊരു മഴയായി
പുനർജനിച്ചു...

Message from
the **Editorial Board**




1. സ്ത്രീ ........ 12, 13
2. വിടർന്നു കൊഴിഞ്ഞ വസന്തം ........ 14
3. ലക്ഷ്യം തേടി ........ 15
4. സിനിമയും അധ്യാപനവും ........ 16, 17
5. വീണ്ടും ഒരു കുട്ടികാലം ........ 18
6. മിഴിയമ്പുകൾ ........ 19
7. There is a Power Beyond Play ........ 20, 21
8. കുസൃതിചോദ്യങ്ങൾ ........ 22
9. पहचान ........ 23
10. നിറക്കൂട്ട് ........ 24, 25
11. Music as Movement ........ 26, 27
12. കലണ്ടർ ........ 28, 29
13. ഞാൻ അൽ അസ്ഹർ ബി. എഡ് കോളേജ് ........ 30, 31
14. The Trial ........ 32, 33
15. ഭൂതകാലം ........ 34
16. കൊറോണ എന്ന മഹാമാരി പഠിപ്പിച്ചത് ........ 35
17. The Secret ........ 36, 37
18. കാത്തിരിപ്പ് ........ 38
19. Painting ........ 39
20. തോൽക്കാൻ പഠിക്കാം ........ 40, 41
21. Who are you? ........ 42, 43
22. സൗഹൃദം ........ 44, 45
23. Painting ........ 46
24. തട്ടുകട ........ 47, 48 ,49
25. Binocs ........ 50, 51, 52, 53
26. നിറക്കൂട്ട് ........ 54, 55, 56
25. Arts & Sports Fest ........ 57

ARTICLE

# സ്ത്രീ

> "രക്ഷതേ കന്യാ പിതാ പതി:
> പുലാസ്തു വാർദ്ധക്യ"

ചെറുപ്പത്തിൽ ഒരു പെൺകുട്ടി അവളുടെ അച്ഛനാലും യൗവനത്തിൽ ഭർത്താവിനാലും വാർദ്ധക്യത്തിൽ പുത്രനാലും സംരക്ഷിക്കപ്പെടണം എന്ന വാക്യം നാം കേട്ട് വരുന്നു. കാരണം നമ്മുടെ സംസ്കാരം നമ്മിൽ ഊട്ടിയുറപ്പിച്ചതാണിത്. ഒരേ സമയം സ്ത്രീയെ ദേവിയായി പൂജിക്കുകയും അതേ സമയം തന്നെ അവളെ ഓടയിലേക്ക് വലിച്ചെറിയുകയും ചെയ്യുന്ന ഒരു സംസ്കാരമായി ഭാരതീയ സംസ്കാരം മാറിയിരിക്കുന്നു. വന്യമായ സ്ത്രീയുടെ സ്വപ്നങ്ങൾക്ക് കുടുംബവും, സമൂഹവും, അവളുടെ ചുറ്റുപാടും, സംസ്കാരവുമെല്ലാം ഒരു നിശ്ചിത പരിധി നിർണ്ണയിക്കുന്നു. സ്ത്രീ മറ്റാരുടെയോ അധീനതയിൽ ജീവിക്കേണ്ടവളാണെന്ന അലിഖിത നിയമമാണ് സമൂഹത്തിൽ ഉള്ളത്. "സ്ത്രീയുടെ സ്നേഹവും പുരുഷന്റെ സ്നേഹവും ഒരുപോലെ അല്ല, പുരുഷന് അവനെ ആഹ്ളാദിപ്പിക്കുന്നവനെ മാത്രമേ സ്നേഹിക്കാൻ കഴിയൂ, പക്ഷേ സ്ത്രീക്ക് അവളെ വേദനിപ്പിക്കുന്നവനെയും സ്നേഹിക്കാൻ കഴിയും"എന്ന കെ. ആർ മീരയുടെ വരികൾ എത്ര അർത്ഥവത്താണ്. പുരുഷന്മാർ കാണണമെന്ന് ആഗ്രഹിച്ച ലോകത്തിലെ, അവർ കാണണമെന്ന് ആഗ്രഹിച്ചിരുന്ന ഒരു സ്ത്രീയെ സൃഷ്ടിച്ച്നമുക്ക് മുന്നിൽ തന്നിരിക്കുകയാണ് ഈ ലോകം. ഒരു പക്ഷെ ആ സ്ത്രീയാവാം നമ്മെ പറഞ്ഞു പഠിപ്പിച്ചുപോരുന്ന കുലസ്ത്രീ എന്ന സങ്കൽപ്പം. അത്തരത്തിൽ സ്വന്തം അസ്തിത്വം നഷ്ടപ്പെടുത്തി മറ്റൊരാളാവാൻ ശ്രമിക്കുന്ന സ്ത്രീയെയാണ് പുരുഷസമൂഹം ആഗ്രഹിക്കുന്നത് എന്നതാണ് വസ്തുത. ഒരു സമയത്ത് മലയാള സിനിമ ഗാനങ്ങളിൽ ഏറ്റവും പ്രചാരം നേടിയ ഒരു ഗാനമാണ് "പൂമുഖ വാതിൽക്കൽ സ്നേഹം വിടർത്തുന്ന പൂന്തിങ്കളാകുന്നു ഭാര്യ..., കാര്യത്തിൽ മന്ത്രിയും കർമ്മത്തിൽ ദാസിയും രൂപത്തിൽ ലക്ഷ്മിയും ഭാര്യാ".





Abhirami K S



ഒറ്റ നോട്ടത്തിൽ കേട്ടാൽ സ്ത്രീയെ വാനോളം പുകഴ്ത്തുന്ന മറ്റൊരു ഗാനം ഇല്ലെന്നുതോന്നും. പക്ഷെ ഈ പാട്ടിലെ ഓരോ വരിയും കേൾക്കുമ്പോൾ മനസ്സിലാവും, സ്ത്രീക്ക് സമൂഹം കല്പിച്ച അടിമത്തത്തിന്റെ മറ്റൊരു മുഖം. കർമ്മം ചെയ്യാൻ വേണ്ടി മാത്രം വിധിക്കപ്പെട്ട് വീടിന്റെ നാലുചുമരുകൾക്കുള്ളിൽ മാത്രം ഒതുങ്ങി കൂടേണ്ടവളാണോ സ്ത്രീ?. ഉറക്കേ ചിരിക്കാനോ, ഇഷ്ടമുള്ള വസ്ത്രം ധരിക്കാനോ, ഇഷ്ടമുള്ള ജീവിതപങ്കാളിയെ തിരഞ്ഞെടുക്കാനോ ഈ ഇരുപത്തിയൊന്നാം നൂറ്റാണ്ടിലും സ്ത്രീക്ക് അവകാശമില്ല. ഉറക്കെ ചിരിച്ചാലോ, ഉച്ചത്തിൽ സംസാരിച്ചാലോ ഒരു പെൺകുട്ടിയുടെ യോഗ്യത നിർണ്ണയിക്കുന്ന സമൂഹമാണ് നമുക്ക് ചുറ്റും ഉള്ളത്. സ്ത്രീയെ വെറും ലൈംഗിക ചുവയോടെ മാത്രം വീക്ഷിക്കുന്ന ഒരു വിഭാഗം ആളുകൾ.സാഹിത്യമേഖലയിൽ നോക്കിയാൽ നമുക്കിത് കാണാൻ സാധിക്കും. എന്തുകൊണ്ടാണ് എല്ലാ സാഹിത്യവും സ്ത്രീയുടെ സൗന്ദര്യത്തെ മാത്രം വർണ്ണിക്കുന്നത്?, പുരുഷസൗന്ദര്യത്തെ പുകഴ്ത്തുന്ന സാഹിത്യം എന്ത്കൊണ്ട് ഇല്ല?. വേശ്യാ എന്ന പദത്തിന് തുല്യമായ പുരുഷപദം എന്ത്കൊണ്ട് ഇല്ല?. ചില പദങ്ങൾ സ്ത്രീക്ക് മാത്രം പതിച്ചു കൊടുത്തിരിക്കുകയാണ്. സ്ത്രീക്ക് അടക്കവും ഒതുക്കവും വേണം എന്ന് പറഞ്ഞു പഠിപ്പിക്കുന്ന ഈ സമൂഹം എന്ത്കൊണ്ടാണ് അടക്കത്തിലും ഒതുക്കത്തിലും കിട്ടിയാൽ കയ്യടക്കേണ്ട ഒന്നല്ല സ്ത്രീ എന്ന് പഠിപ്പിക്കാത്തത്?. ആർത്തവത്തെ അശുദ്ധിയോടെ നോക്കികണ്ടിരുന്ന സമൂഹം നമുക്കിടയിൽ ഉണ്ടായിരുന്നു. ഇപ്പോഴും അത്തരത്തിൽ ഒരു ചിന്ത, വിദ്യാസമ്പന്നർ എന്ന് ധരിക്കുന്ന നമുക്കിടയിൽ ഉണ്ടെന്നുപറയാം. ഇനിയും സ്ത്രീയെകുറിച്ചുള്ള ധാരണയിൽ ഒരുപാട് മാറ്റം സംഭവിക്കേണ്ടിയിരിക്കുന്നു. പൂവായ് സ്ത്രീയെ വർണ്ണിക്കുകയും അതിലെ തേൻനുകരാൻ എത്തിയ വണ്ടെന്ന് പുരുഷനെ വിശേഷിപ്പിക്കുകയും ചെയ്ത സ്ഥാനത്ത്, അവളെ താങ്ങി നിർത്താനുള്ളതാണ് പുരുഷൻ എന്നെപ്പോൾ ചിന്തിക്കുന്നുവോ അന്നീ ചിന്തയും സമൂഹവും മറ്റൊന്നായി മാറും....

# വിടർന്നു കൊഴിഞ്ഞ വസന്തം



Ajas Fathima N

അകതാരിൽ പൂത്ത ആരാണ്യപുഷ്പമേ
നീയെനിക്കേകി നിത്യവസന്തം

ആദ്യമായ് നീ എന്നിൽ മൊട്ടിട്ടുനിന്നതും,

പുലർകാറ്റത്തു താളം പിടിച്ചതും

മൂവന്തിയോളം വെയിലേറ്റു നിന്നതും

പാതിരാമഴയോട് കിന്നാരം ചൊന്നതും

എന്നിൽനിന്നുതിരും മധുകണം നുകരുവാൻ
പാറി വരും പൂമ്പാറ്റക്കായ്.
ഹൃദയം തുറന്നു കാത്തിരുന്നതും

ഒടുവിലവശേഷിക്കും തേൻകണവുമായ്
പറന്നകലേക്ക് പോയതും

വീണ്ടും ചികയുന്നു, എവിടെയോ മറന്നു
പോയൊരെൻ ഓർമകൾ.

ഒരുന്നാളിൽ കണ്ടൊരു വർണസ്വപ്നങ്ങൾ
നിഴലായി എന്നെ പിന്തുടർന്നതും

അറിയാതെ പോകുന്നു ഞാനാ
സ്വപ്നത്തിൻ ചിത്രങ്ങൾ

എവിടെയോ മറന്ന ജീവിതങ്ങൾ

വീണ്ടും പൂക്കുന്നു, കായ്ക്കുന്നു
മനം

വസന്തത്തിന്റെ പൊൻ
പുലരിപോലെ....





# ലക്ഷ്യം തേടി

കാലം കവിയെ ഉണർത്തി
നിദ്രവിട്ട് ലക്ഷ്യം തേടിയിറങ്ങി
മൺപാത പിന്നിട്ടവൻ അരുവി കണ്ടു.
'ഒഴുകുന്നു'; അല്ല, തന്റെ തേട്ടം ഇതല്ല.

പുഴ കണ്ടു; അതുമല്ല.
തെച്ചിയും ചെന്താമരയുമല്ല.
മാമ്പഴവുമല്ല ഫലങ്ങളേതുമല്ല.
കുയിലും മയിലുമല്ല.

തട്ടിയുണർത്തിയ കാലത്തോടായി അവനലറി.
വീണ്ടുമോടി ലക്ഷ്യം തേടി..തേടി.
എങ്ങും' പൂർണ്ണത'കളെ കണ്ടതില്ല.

കാടും മേടും കണ്ടു, നിരാശ തന്നെ
ഗിരികളേഴും താഴ്വരകളും കടന്നു
ദൂരെ, ചക്രവാളത്തിൽ സപ്ത വർണ്ണങ്ങളും കണ്ടു.
ഇല്ല, 'പൂർണ്ണമായില്ല'!.

മാനം ചെമ്പട്ടുവിരിച്ച് സൂര്യൻ
കടലിൽ ഊളിയിട്ടു.
ഇരുട്ടിനെ കൂട്ടുപിടിച്ച് രാത്രി വന്നു.

താരകങ്ങളുടെ അകമ്പടിയിൽ പൂനിലാവും
ഇല്ല!, അശാന്തി മാത്രം.
അലറി, വീണ്ടുമോടി.

എവിടെനിന്നോ അവനൊരു
ഹൃദയം കളഞ്ഞു കിട്ടി തുറന്നു,
പരിശോധിച്ചു.

ഞെട്ടി,

കോരിത്തരിച്ചു സർവ്വേന്ദ്രിയങ്ങളും.

ആർത്തുവിളിച്ചു

ഹേയ്.. അഖിലലോക സർവ്വ ചരാചരങ്ങളേ...
ഞാനിതാ കണ്ടെത്തിയിരിക്കുന്നു.

കാലമേ..., കണ്ടോ നീയെൻ കൈപ്പിടിയിൽ
മറ്റൊന്നുമല്ലിത്,

മഹത്തായ 'പ്രണയ'മാകുന്നു.

ഞാൻ പരിപൂർണ്ണതയിൽ അലിയുകയായി.
കവി മുഴുമിച്ചു.



Ali C P

ARTICLE

# സിനിമയും അധ്യാപനവും



Amrutha Haridas

മാനവചരിത്രത്തിലെ ഏറ്റവും വിസ്മയകരമായ കണ്ടുപിടുത്തങ്ങളിലൊന്നാണ് സിനിമ. ആദ്യകാലങ്ങളിൽ സിനിമയുമായെത്തിയവരെ ജനം ഭ്രാന്തന്മാരെന്നും മന്ത്രവാദികളെന്നും പറഞ്ഞ് ഓടിച്ചു. വെള്ളത്തുണിയിലെ ചലിക്കുന്ന രൂപങ്ങൾ ഭൂതങ്ങളാണെന്ന് പലരും കരുതി.

വിനോദത്തിനായി ഒരിക്കൽ സൃഷ്ടിച്ച സിനിമ സമൂഹത്തിലെ മാറ്റങ്ങളെ ദൂരവ്യാപകമായി സ്വാധീനിച്ചു. തെരുവ് നാടകങ്ങളും പാട്ടുകളും ഉൾപ്പെടെയുള്ള തദ്ദേശീയ കലാരൂപങ്ങൾ അതാത് കാലഘട്ടങ്ങളിലെ അവസ്ഥയെയും പ്രശ്നങ്ങളെയും  രാഷ്ട്രീയത്തെയും പ്രതിനിധീകരിക്കുന്നു. 1936 ൽ ജർമ്മൻ തത്ത്വചിന്തകനായ വാൾട്ടർ ബെഞ്ചമിൻ ഒരു ലേഖനത്തിലൂടെ കലയും സർഗ്ഗാത്മകതയും രാഷ്ട്രീയമാണെന്ന് പ്രഖ്യാപിക്കുകയും അദ്ദേഹം സിനിമയെ തെളിവായി ഉപയോഗിക്കുകയും ചെയ്തു.

ചലച്ചിത്രങ്ങൾ അവ നിർമ്മിക്കപ്പെടുന്ന സമൂഹങ്ങളുടെ സാംസ്കാരിക പ്രതിഫലനമാണ്. അതുപോലെ തന്നെ അവ തിരിച്ചും സമൂഹത്തിൽ സ്വാധീനം ചെലുത്തുന്നു. ചലച്ചിത്രങ്ങളെ പ്രധാനപ്പെട്ട ഒരു കലാരൂപമായും ജനപ്രിയ വിനോദോപാധിയായും കണക്കാക്കപ്പെടുമ്പോഴും ആശയങ്ങളുടെയും ആദർശങ്ങളുടെയും വ്യാപനത്തിന് ഈ ചലനചിത്രങ്ങൾ വഹിക്കുന്ന പങ്ക് ചെറുതല്ല..

ചലച്ചിത്രങ്ങളുടെ ദൃശ്യഭാഷ അവയ്ക്ക് ഒരു സാർവ്വലോക വിനിമയശക്തി നൽകുന്നു. അഭ്രപാളിയിലെ ഈ ചലനചിത്രങ്ങൾ ആധുനിക ലോകത്ത് ഒരു പ്രധാനപ്പെട്ട ബോധന മാധ്യമമായി മാറിയിട്ടുണ്ടെന്ന് ഈ മേഖലയിൽ നടന്ന ഗവേഷണങ്ങൾ ഇതിനോടകം തെളിയിച്ചു കഴിഞ്ഞിരിക്കുന്നു..

പഠനത്തിന്റെ ഒരു പ്രധാന ഘടകമാണ് താൽപ്പര്യം. പൊതുവായ തലത്തിൽ, പല വിദ്യാർത്ഥികളും പുസ്തകം വായിക്കുന്നതിനേക്കാൾ മികച്ച രീതിയിൽ ചലന ചിത്രങ്ങളോട് പ്രതികരിക്കുന്നു. കഠിനമായ പഠന വൈകല്യമുള്ളവർ പോലും സിനിമയോട് പ്രതികരിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്..





ക്ലാസ് മുറിയിൽ വിദ്യാർത്ഥികൾ ചരിത്രത്തെക്കുറിച്ച് പഠിക്കുമ്പോൾ, ഒരു ചരിത്ര സാഹചര്യം ശരിക്കും എങ്ങനെ അനുഭവപ്പെടുമെന്ന് പൂർണ്ണമായി മനസ്സിലാക്കുന്നത് എല്ലായ്പ്പോഴും എളുപ്പമല്ല. ഉദാഹരണത്തിന്, 'സേവിഗ് പ്രൈവറ്റ് റിയാൻ' പോലുള്ള ഒരു ചരിത്ര നാടകം വിദ്യാർത്ഥികൾക്ക് രണ്ടാം ലോക മഹായുദ്ധം മനസ്സിലാക്കാൻ സഹായിക്കും, അല്ലെങ്കിൽ 'ലെസ് മിസറബിൾ' പോലുള്ള ഒരു സിനിമ ഫ്രഞ്ച് വിപ്ലവം മനസ്സിലാക്കാൻ വിദ്യാർത്ഥികളെ സഹായിക്കുന്നു. 'ഗാന്ധി' എന്ന സിനിമ  ചരിത്രപുസ്തകങ്ങളിലെ പരമപ്രധാനനായ മഹാത്മാഗാന്ധിയുടെ ജീവിതം കാണാൻ ഒരു വിദ്യാർത്ഥിയെ അനുവദിക്കുന്നു.

1996 ൽ ദീപ മേത്തയുടെ വാട്ടർ എന്ന ചിത്രം 25 വർഷം മുമ്പ് ഇന്ത്യയിൽ സ്വവർഗരതിയെന്ന വിഷയം വെളിച്ചത്തു കൊണ്ടുവന്നു. അതുപോലെതന്നെ സ്വതന്ത്ര സിനിമ  ജാതി, അസമത്വം, ഗാർഹിക പീഡനം, വംശീയത, ഒറ്റ മാതൃത്വം, കുട്ടികളുടെ ദുരുപയോഗം തുടങ്ങിയവയെക്കുറിച്ച് ചർച്ച ചെയ്തു.

ചലച്ചിത്രത്തിനൊപ്പം ശാസ്ത്രം പഠിപ്പിക്കുന്നത് ജ്യോതിശാസ്ത്രം, ജീവശാസ്ത്രം, രസതന്ത്രം, ഭൗമശാസ്ത്രം, ഭൗതികശാസ്ത്രം എന്നിവയുടെ വിവിധ വശങ്ങളെക്കുറിച്ച് അറിയാൻ വിദ്യാർത്ഥികളെ സഹായിക്കുമെന്ന് നിരവധി വിദ്യാഭ്യാസ വിദഗ്ദ്ധർ  അഭിപ്രായപ്പെടുന്നു. **'The Treasure of the Sierra Madre' , 'Around the World in 80 Days' 'Hidden Figures'** തുടങ്ങിയചിത്രങ്ങൾ ഇതിനുദാഹരണമാണ്.

സാഹിത്യ രചനകൾ ചലചിത്രങ്ങളായി വിദ്യാർത്ഥിക്ക് മുന്നിലെത്തുമ്പോൾ അത് കൂടുതൽ ഹൃദ്യസ്ഥമാകുന്നു. സിനിമകൾ രാഷ്ട്രീയം പഠിപ്പിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നുണ്ട്. രാഷ്ട്രീയത്തെയും ജനാധിപത്യവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെയും അർഹമായ രീതിയിൽ കൈകാര്യം ചെയ്ത സിനിമകളാണ് 'സൗണ്ട് ഓഫ് മ്യൂസിക് ', 'മാർക്ക്ഡ് വുമൺ ', 'ഓൺ ദി വാട്ടർഫ്രണ്ട് ' തുടങ്ങിയവ.

ഇങ്ങനെ സിനിമ മുന്നോട്ട്വെക്കുന്ന സാധ്യതകൾ അനേകമാണെന്നതിന് ഒരു സംശയവുമില്ലെങ്കിലും, സാർവ്വത്രികമായി അംഗീകരിക്കപ്പെടാൻ ഇനിയും നിരവധി വെല്ലുവിളികൾ മറികടക്കേണ്ടതുണ്ട്. നിർഭാഗ്യവശാൽ ഇത്രയേറെ സാധ്യതകളുള്ള ചലച്ചിത്രമെന്ന ഉപാധിയെ ഇന്നും സുഷുപ്തിയിലവശേഷിപ്പിച്ചു കൊണ്ട്, കാലഹരണപ്പെട്ട  ബോധന മാധ്യമങ്ങളിൽ നാം അഭിരമിക്കുന്നു.
കൃത്യമായ ആസൂത്രണത്തോടെ പ്രാവർത്തികമാക്കിയാൽ സിനിമാറ്റിക് വിദ്യാഭ്യാസത്തിന്റെ ആധിപത്യമുള്ള ഒരു ഭാവി വിദൂരമല്ല.

POEM

# വീണ്ടും ഒരു കുട്ടികാലം

ജീവിത ദുഃഖങ്ങൾ ഏറുന്നാപാതയിൽ
ഒരു നറു സ്വാന്തനമാം നിസ്തുലമാമോർമ്മകൾ.
ഓർക്കാൻ മറക്കുന്ന സുന്ദര ദിനങ്ങളെ
തന്നതു നാം ബല്യമെന്ന് ഓർത്തിടുക

തൊടിയിലെ പൂമ്പാറ്റ പോൽ പാറിപ്പറന്നതും
പച്ചിലച്ചാറിനെ മരുന്നാക്കി മാറ്റിയതും
അണ്ണാറ കണ്ണനോട് ഏറ്റു മുട്ടി
മധുരമാമ്പഴചാറു നുണഞ്ഞതും

പുസ്തകതാളിൽ പെറ്റു പെരുകുന്ന
മയിൽ പീലി കുഞ്ഞിനായി കാലങ്ങളോളം കാത്തിരുന്നതും
ഓർക്കുക എത്രയോ സുന്ദരമാം ഓർമ്മകൾ.
മറയുന്ന ദുഃഖങ്ങളെ ഓർത്തോർത്ത് നീറുന്നാ
നമ്മളെന്തേ മറക്കുന്നു

ഒരു നറു പൂവിനാൽ നമ്മെ
തലോടുന്ന ബാല്യമാം ഓർമയെ വീണ്ടെടുക്കാൻ.
നിലത്തുതിർന്നു വീണൊരാ മഞ്ചാടിയും പെറുക്കി
അലസതയുടെ കയ്യും പിടിച്ച്
ഓർമയാം നടപ്പാതയിലൂടെ
തിരിഞ്ഞു നടക്കാനൊരു മോഹം

പ്രായമെറുന്നതെന്റെ ശരീരത്തിനല്ലയോ
മനസിനല്ലന്നുള്ള സത്യം
അറിയുന്നു ഞാനും...



Aswathimol Babu



POEM



# മിഴിയമ്പുകൾ

മിഴിയമ്പുകളെയ്തെന്റെ മനതാരിൽ
മൊഴിയാം മധുതൂകി എൻ ഹൃദയത്തിൽ...
നിറപുഞ്ചിരിയേകി നീ പടിവാതിലിലെത്തി
നിറയുന്നെൻ മിഴിയിന്നൊരു മഞ്ഞിൻ കണമെന്ന്യേ...

നേരം പാതിരാവായി മാനത്തെ ചന്ദ്രൻ
തിളങ്ങിവാനിൽ നിന്നെല്ലാം വീക്ഷിക്കേ...
ചോദിച്ചുവെന്തുണ്ടിത്ര നിനയ്ക്കാൻ
നിദ്രയതൊഴിവാക്കിയെന്തിത്രയോർക്കാൻ...

നിനച്ചതൊന്നുള്ളു തിളങ്ങിയ നേത്രങ്ങൾ
തുളഞ്ഞു കേറിയതെൻ നയനാന്തരേ...
നിറഞ്ഞതെന്നക്ഷിയല്ല നിറഞ്ഞു
തുളഞ്ഞു കേറിയതെൻ ഹൃദയവാടിയിൽ...

വജ്രത്തിന് ശോഭയത് പോലെ പനിനീർ
തന്റെ സുഗന്ധം പടരുന്ന പോലെ...
ഒരു ദീപനാളത്തിന് പൊൻപ്രഭ പോലെ
നിറവാനമതിലൊരു മാരിവില്ലെന്ന പോൽ...

ആകാശപൊയ്കയിൽ അരയന്നം പോലെ
സ്വപ്നവാടികയിലെ പാരിജാതംപോലെ...
എൻനെഞ്ചിനുള്ളിലൊരുമഞ്ഞുമഴപോലെ
ഒരു തപ്തദീപ്തമാം സംഗീതം പോലെ...

വാഗ്ദേവത മീട്ടും കച്ഛപി പോലെ
പത്മത്തിലുപവിഷ്ടയാം ദേവിപോലെ...
ദേവിതന്നക്ഷമാലാഹസ്തം പോലെ
പൊഴിക്കുകെന്നിൽ നീ നിറചൈതന്യം...

അകതാരിൽ തോന്നിയൊരു പ്രണയമത്
നിന്നോട് തുറന്നു ചൊല്ലാനുണ്ട്
സഖി നീ കേൾക്കുക, തുറന്നുവച്ചൊരു
ശ്രീലകമതിലൊരു പീഠവുമുണ്ട് നിന്നെ പൂജിക്കാൻ...

Kishor Ramachandran

REVIEW

# THERE IS A POWER Beyond Play



Rasal Sabu


Sports, the universal cultural text of our era carries historical, political, social and economic life of the people. Sporting events regional as well as international games serve as a signification pattern for many people. Most of the games and players represent a kind of political ideology in their mind and behavior. The analysis of variegated regional as well as international games can vividly delineate this certitude.

Boat race also known as vallamkali is a regional sporting event deeply inherent in the psyche of Keralites. The battle between Kayamkulam and Chembakassery paved the foundations for the construction of a war boat named Chundan vallam. Gradually such boats began to be used for competitions among regional boat clubs. Each boat race explicitly expresses a kind of power politics within it. Most of the clubs that are participating in the competition with a view to establish the domination of their own region. The clubs try to maintain their leadership through courage and muscular strength.

This regional, cultural text of Kerala kept a distance from women until recent past. The historical Nehru Trophy Boat race of 2006 brought women also into the lake as part of the competition. Initiation of women into the stream subverted the so-called traditional notions of gender. Thus women broke some traditional stigma imposed upon them by the patriarchal society. Here our women folk proved that gender is what is performed rather than what is constructed. This popular cultural text of Kerala became a worldly phenomenon, as a result innumerable foreign people came to enjoy the fest of blue gold in our state. They even participated many times in our most prestigious Nehru Trophy Boat race.

The other regional sporting event called Jallikkattu [bull fight] was deeply implanted in the minds of our Tamil masses. This custom began in 4th century B.C by the people who lived in the geographical location Mullai. Initially this festival was conducted as the expression of bravery and the introduction of price money in later years added the spirit of competition.





Even though this practice looted several human life, the people still cherish, preserve and practice such event. The apex Court of India banned this festival several times due to the flood of public litigations submitted by animal protection groups. However the central and state governments were forced to make new ordinances for the continuation of Jallikkattu in order to satisfy the collective consciousness of the people.

Along with such kind of regional sport events cricket and football also play a crucial role in the exhibition and propagation of ideology. Cricket was very instrumental in the formulation of Nationalism in many countries. For instance, the people of Caribbean island used this sports event in their struggle for independence. They used this cultural text to drive out their colonial masters beyond boundaries as Bob Marley used his Reggai Music. Cricket played a crucial role even in our nation. It gained a Pan Indian popularity after our nation crowned king of cricket in 1983. Today this game brings enormous income opportunities and employment for the nation. The people of Australia also used this game as a weapon of independence in their ancient past. The Ashes Tournament became more furious and ferocious due to such kind of political ideology inherent in the inner psyche of the players. The players of the game fight each other to establish and perish the phenomenon of domination.

Like cricket, football always manifests a certain kind of political ideology. This power game also tries to establish domination only through physical strength. This game functions as the life blood and breath for many nations. The people of Brazil consider this game as integral part of their life. The Brazilian Football game plans like Jogo Benita reverberates the rhythm of Samba music of the nation. The people of Croatia used this game in order to subvert the hegemony of dominant power. Football helped Croatia to emancipate itself from the clutches of Yugoslavia. The successful march of the team through grassland of football intensified the reputation, economic status and the identity of the nation. Like Croatia and Brazil football gave breath and spirit for the establishment , existence and growth of many nations in Europe, Africa, Asia and Latin America.

# കുസൃതിചോദ്യങ്ങൾ

1. ജീവിതകാലം മുഴുവൻ നമ്മൾ സുന്ദരനാണെന്ന് മറ്റുള്ളവർ പറയാൻ എന്ത് ചെയ്യണം?
2. പരീക്ഷക്ക് പഠിക്കാൻ പറഞ്ഞപ്പോൾ ഗോപു പുസ്തകം തുറന്ന് പുറത്തേക്ക് നോക്കിയിരുന്നു... എന്തുകൊണ്ട്?
3. പറയുമ്പോൾ നിറമുണ്ട് പക്ഷേ കാണുമ്പോൾ നിറമില്ല?
4. പെട്ടന്ന് പൊക്കം കൂടാൻ ഉള്ള എളുപ്പ വഴി എന്ത്?
5. ലോകത്ത് ഓരോ സെക്കന്റിലും മാറിക്കൊണ്ടിരിക്കുന്നത് എന്ത്?
6. ഒരിക്കലും കയറാൻ പറ്റാത്ത ബസ്?
7. വട്ടത്തിൽ ചവിട്ടിയാൽ നീളത്തിൽ പോകുന്നതെന്ത്?
8. ഞെട്ടിക്കുന്ന സിറ്റി ഏത്?
9. ഏറ്റവും വിശപ്പുള്ള രാജ്യം ഏതാണ്?
10. പേരിന്റെ കൂടെ ഇനിഷ്യൽ ഉള്ള ഒരേ ഒരു ജീവി ഏത്?



Anju Siby

## ഉത്തരങ്ങൾ

1. സുന്ദരൻ എന്ന് പേരിട്ടാൽ മതി.
2. ടീച്ചർ പറഞ്ഞിരുന്നു, ചോദ്യം പുറത്ത് നിന്നാണ് വരുന്നതെന്ന്.
3. പച്ചവെള്ളം
4. പൊക്കം കുറഞ്ഞവരുടെ കൂടെ നിൽക്കുക
5. സമയം
6. സിലബസ്
7. സൈക്കിൾ
8. ഇലക്ട്രിസിറ്റി
9. ഹംഗറി
10. ചിമ്പാൻസി







# पहचान

धरती, आसमान, आग, वायु,
जल से बनी हूँ मैं
मनू बुलाती मेरी असली पहचान
कोई बता दो मुझे!

अयिना देखती तो मेरे सामने
खडी रहती हूँ वह छाया जो हूँ-
निर्बल, शोषित, डरी हुई सी
लडकी जो हूँ पिंजरे में!

ज़िंदगी की पडाव में हूँ
मैं एक भागेदार
जिसकी चुनौती है खडी होना
उनके पास और साथ
जो मुझे देखती हूँ उन नीच नज़रों से!

बस हुई अब!
बहुत हुई अब!
वक्त आये अब,
मेरी पहचान को पहचानने!

अब मैं अयिना देखती तो खडी हूँ
वहाँ एक प्रतिबिंब जो हूँ -
सशक्त, स्वतंत्र, निर्भय औरत!

यही हूँ मेरी असली पहचान!
यही हूँ मेरी असली पहचान!



Ardra Milan Shah

ARTICLE

# നിറക്കൂട്ട്



Anas Salam

മാനവികതയുടെയും സാഹോദര്യത്തിന്റെയും, നിറവർണ്ണ സുരഭിതമായ സാംസ്കാരിക വൈവിധ്യത്തിന്റെ സ്വന്തം നാടാണ് നമ്മുടെ കൊച്ചു കേരളം.

വ്യത്യസ്ത വിശ്വാസ പ്രമാണങ്ങളും, ദാർശനിക ചിന്തകളും, കലാ രൂപങ്ങളും, ദേശങ്ങളും, പൈതൃകങ്ങളും, രുചിയിടങ്ങളും..... തുടങ്ങി വൈവിധ്യമാർന്ന ഒട്ടനവധി സാംസ്കാരിക മൂല്യ ഘടകങ്ങൾ. എല്ലാം തന്നെ 'മാനവികതയെന്ന' മഹോന്നത വർണ്ണം വിളങ്ങി നിൽക്കുന്ന മൂല്യങ്ങളുടെ 'നിറക്കൂട്ട്', ഇതു തന്നെയാണ് മലയാള നാടിന്റെ അടിസ്ഥാന പൈതൃകം.

വിവിധ മതങ്ങളും, ജനവിഭാഗങ്ങളും, ഭാഷാ ഭേദങ്ങളും, പ്രാദേശിക സംസ്കൃതികളും കൂടിച്ചേർന്നുണ്ടാകുന്ന വൈവിധ്യാത്മകമായ സമഗ്രതയാണ് കേരളീയ സംസ്കാരം. പല നിറ വർണ്ണങ്ങളുള്ള മുത്തുകൾ കോർത്തു കെട്ടിയ ഒരു മാലയുടെ നിറക്കൂട്ടിനോട് അതിനെ ഉപമിക്കാം.

സാംസ്കാരിക സ്വത്വം പേറുന്ന മലയാളഭാഷയാണ് ആ മാലയുടെ നൂൽ. അറബിക്കടലിനും മഴക്കാടുകളാൽ ജൈവ വൈവിധ്യം നിറഞ്ഞ സഹ്യാദ്രി (പശ്ചിമഘട്ട) പർവതനിരകൾക്കും ഇടയിലുള്ള ഭൂമിശാസ്ത്രപരമായ സ്ഥാനവും, പൗരാണികമായ വിദേശ വ്യാപാര ബന്ധങ്ങളും, പലകാലങ്ങളിലായി അരങ്ങേറിയ നവോത്ഥാന വിപ്ലവങ്ങളും, കാർഷിക സംസ്കൃതിയും, രുചി വൈവിധ്യവും, കലാ-സാഹിത്യ-ശാസ്ത്രീയ വൈജ്ഞാനിക മുന്നേറ്റങ്ങളുമെല്ലാം ചേർന്നാണ് കേരളത്തിന്റെ തനിമയാർന്ന 'സാംസ്കാരിക വൈവിധ്യം' രൂപം കൊണ്ടത്.

കേരളീയ പൈതൃകത്തിൽ അധിഷ്ഠിതമായ യുവ വിപ്ലവത്തിൻ കനലുകളെരിയുന്ന കലാലയങ്ങളിലാണ് ഇന്ന് ആ സംസ്കാരം അതിന്റെ പരമോന്നതിയിൽ പുലർന്ന് കാണുന്നത്. ക്ലാസ്സ് മുറികളിലെ അക്ഷരച്ചെപ്പുകളിൽ നിന്ന് തുടങ്ങി, വാക്കുകളും, വരികളും, ഈരടികളും, ഗദ്യ പദ്യ സാഹിത്യങ്ങളും, ആവിഷ്കാര സായൂജ്യങ്ങളും, സ്നേഹവും, സൗഹൃദങ്ങളും, രാഷ്ട്രീയവും... അങ്ങനെ സകലതിലൂടെയും കടന്ന് 'ഞാൻ' എന്ന വ്യക്തിയെ 'നമ്മൾ' എന്ന മൂന്നക്ഷരത്തിലേക്ക് ക്യാമ്പസുകളിൽ പരിണമിപ്പിക്കുന്നതും നിറവർണ്ണമാർന്ന ഈ സംസ്കാരം തന്നെയാണ്.



സാഹോദര്യ രാഷ്ട്രീയങ്ങളും, വിവിധങ്ങളായ രുചി വർണ്ണങ്ങളും, വിശ്വാസ വൈവിധ്യങ്ങളും ക്ലാസ്സ് മുറികൾക്ക് ജീവൻ നൽകുന്നതും ഈ മഹത്തായ സംസ്കാരം പേറുന്നത് കൊണ്ട് തന്നെ.

തനിമയും എളിമയും ഒന്നിച്ച് കോർത്ത പൈതൃക സമ്പത്ത് നാളെകളിലും നിലനിൽക്കണം. ഇണക്കവും പിണക്കവും സൗഹൃദവും വിപ്ലവവും. ഓരോ മൂല്യങ്ങളും ചരിത്രത്തിൽ പറയാൻ ബാക്കിവെച്ച ജീവിച്ചിരിക്കുന്ന ഓർമ്മകളായി അടയാളപ്പെടുത്തപ്പെടണം. ഒരു പക്ഷേ, ചില യൗവ്വനങ്ങൾക്കെങ്കിലും ദിശാബോധം നഷ്ടപ്പെടുന്ന ഒരു ഭാവി കാലഘട്ടത്തിൽ, തിരിച്ചറിവിന്റെ പ്രതീകമാകാൻ അത്തരം 'നിറക്കൂട്ടുകൾ' ക്ക് സാധിച്ചു എന്ന് വരാം.

അൽ - അസ്ഹർ ബി. എഡ് കോളേജ് 2019- 21 ബാച്ചിന്റെ ജീവിച്ചിരിക്കുന്ന ഓർമ്മകളുടെ അടയാളപ്പെടുത്തലായി ഈ മാഗസിനും ഇതിൽ കൊത്തി വെക്കപ്പെട്ട നിറക്കൂട്ടാർന്ന ചിന്തകളുടെ 'നമ്മളിടങ്ങളും' എന്നെന്നും ബാക്കി നിൽക്കട്ടെ എന്ന പ്രത്യാശയോടെ ....

**അനസ് കുളപ്പാടം**





ARTICLE

# Music AS MOVEMENT

Music is often referred to as universal language. This may be due to the fact that to enjoy music there are no prerequisites, except the ability to hear. Almost all individuals regardless of age, class, race and gender, like and appreciate music because of its power to generate aesthetic stimulation as well as its sublime quality. The recent studies show that music also has some therapeutic qualities as it can excite, motivate and inspire emotions and desires. Nowadays music is regarded as a broad spectrum as it encompasses different music types that produce from various cultural and linguistic groups across the world. The beat, rhythm, song and even instrumentation are variants of manifestations of the emotions of people and their different cultural domains. Music has always been one of the fundamental components of the lives of some communities in the world. Beyond the streams of sheer entertainment, music has a functional role in the political life of people. When the great American singer Bob Dylan was given the prestigious Nobel Prize for literature in 2016, the academia and the vigilant critics of culture actually acknowledged the literary as well as the sublime quality of his music. Arrival of post modern condition has facilitated the spread of zero culture that made available variegated genres of music. The analysis of the political history of various nations vividly delineates the role of music beyond entertainment.

The epoch of post colonial world gave new direction and functions to this most popular cultural text. Reggae one of the genres of music played a crucial role in the people of Jamaica. Bob Marley and his musical band Wailers created a revolution through lyrics. He sang for the oppressed black mass who were ruthlessly exploited by the white colonial masters. The songs such as "Buffalo soldiers, Get up Stand up, No Woman No cry and Black Survival" addressed this marginalized people with a view to expose the prejudice against them as well as enlighten them regarding their rights and dignity. This genre of music was capable of emancipating black Jamaicans from the clutches of stigma, shame and silence imposed upon them by the white administration.

Jazz music too played a key role in shaping the destiny of poor Blacks in the most democratic developed nation America. The lyrics instrumentation and performative elements of Jazz reverberate the desires, aspirations, goals, emotional motives and quest for a dignified life. Musicians like Ella Fitzgerald, Louis Armstrong and Nina Simon sang for abolition of binary fragmentation due to the complexion. Their voices led the Black mass in to the vortex of revolution and they fought against the discriminatory authoritarian attitude of whites. The songs: "Four woman, To be Young gifted and Black and Summer Times" could inculcate the feelings of pride and self respect in the minds of millions. Such kinds of unique connections between history and music can be seen in the Indian soil as well. National leaders of India depended upon music to fight against British administration. Songs like "Rakupathi rakava rajaram, Vandhe madaram and Sare jaham sey ache" brought umpteen numbers of people with a pan Indian feeling against nation upon which the sun never set.

As mentioned earlier music enjoys the top most position in the field of cultural realm. This medium is enough to restore the mental equilibrium by bringing a catharsis through a soothing piece of lyrics. It encompasses the need of an era as well as satisfies the demand of a large group. Music always heralds the gold mine of tradition and cultural heritage of a nation. It can provide both pleasure and pain for listeners.

Music is a transportation devise, a sonic bridge linking the past, present and future through the bodies of singers, musicians and listeners alike. The post modern critical practices always go in search for a cultural weapon to fight against all the unjust practices. Music is capable of concealing a lot of signification patterns in its fabric that can be utilized against new forms of colonialism, hegemony and fascistic approaches of most modern democratic governments. In conclusion let there be a smooth life ahead of us like a rhythmical soothing music. Let's desire like Shakespeare "If music be the food of love play on, and give me the excess of it".



Suhani Subair

# കലാലയച്ചുവരുകളിൽ കോറിയിട്ട വിജയനിമിഷങ്ങൾ, നേട്ടങ്ങൾ

**01 ജൂലൈ 2019** — ഞങ്ങൾ അൽ അസ്ഹർ ബി എഡ് ട്രെയിനിങ് കോളേജിന്റെ പടിക്കെട്ടുകൾ കയറുന്നു

**11 ജൂലൈ 2019** — അന്താരാഷ്ട്ര ജനസംഖ്യാദിനാചരണം

**24 ജൂലൈ 2019** — സീനിയേഴ്സിന്റെ സ്നേഹസ്വീകരണം

**27 ഓഗസ്റ്റ് 2019** — പ്രളയ ദുരിതാശ്വാസത്തിനു ഒരു തട്ടുകട

**02 സെപ് 2019** — അറബ് സംസ്കാരത്തിന്റെ വിളംബരം

**05 സെപ് 2019** — അധ്യാപകദിനത്തിലും ഓണാഘോഷം

**02 ഒക്ടോ 2019** — ഗാന്ധി, നൂറ്റിഅൻപതാം ജന്മദിനാഘോഷം





**04 ഡിസം 2019** — മഞ്ഞുപുതച്ച പ്രഭാതത്തിൽ സ്നേഹതീരം തേടി അതിരപ്പള്ളിയിലേക്കൊരു യാത്ര

**14 ഡിസം 2019** — ദ്രോണാചാര്യ തോമസ് മാഷ് ദീപം തെളിയിച്ച താണ്ഡവം 2019 (Sports Day)

**20 ഡിസം 2019** — ക്രിസ്തുമസ് വന്നപ്പോൾ



**10 ജനു 2020** — അറിവിന്റെ ദീപം തെളിയിച്ച് വിദ്യാലയങ്ങളിലേക്ക് (Teaching Practice)

**27 ഫെബ്രു 2020** — അൽ അസ്ഹറിൽ എത്തിയ സർവകലാശാല കാലോത്സവത്തിൽ ബി എഡ് വിദ്യാർത്ഥികളുടെ സജീവ പങ്കാളിത്തം

**22 ഏപ്രിൽ 2020** — എറണാകുളം ജില്ലാ കളക്ടറുടെ പ്രശംസ നേടിയ കൊളാഷ് മത്സരത്തിലെ വിജയം

**16 ജൂൺ 2020** — CAMEO 2020 ഓൺലൈൻ കാലോത്സവം





**23 ഓഗസ്റ്റ് 2020** — BINOCS, ദേശീയ തലത്തിൽ ശ്രദ്ധ ആകർഷിച്ച കേരളം കണ്ട ഏറ്റവും വലിയ വെബ്ബിനാറിന്റെ ആരംഭം

**03 ഫെബ്രു 2021** — ESPIRITO 2K21, കായിക ശക്തിയുടെ പോരാട്ടം

**10 ഫെബ്രു 2021** — ആർദ്രം 2021, പ്രശസ്ത കവി സുമേഷ് കൃഷ്ണൻ കവിതകളിലൂടെ കാലോത്സവത്തിനു തിരിതെളിച്ചപ്പോൾ.

**01 മാർച്ച് 2021** — നിറക്കൂട്ട് 2021, മങ്ങാത്ത നിറങ്ങളെ മായാത്ത ദിനങ്ങളാക്കിമാറ്റിയ Community Citizenship Camp

## INDIVIDUAL ACHIEVEMENTS

| | | |
|---|---|---|
| **ABHIRAMI K S** | : | Individual Women Champion: CAMEO 2020 |
| **ALEX BABU** | : | Individual Men Champion: താണ്ഡവം 2019 |
| **DIVYA SURESH** | : | Individual Women Champion: താണ്ഡവം 2019 |
| **KISHOR RAMACHANDRAN** | : | Individual Men Champion: CAMEO 2020, ആർദ്രം 2021 |
| **RASAL SABU** | : | All Round Individual Champion: ആർദ്രം 2021 |
| **THUSHARA R NAIR** | : | Winner of Science Day Quiz Competition at Al Azhar Arts College |
| **FAHAD SALIM** | : | Individual Men Champion : CAMEO 2020 |

## ACADEMIC ACHIEVEMENTS

| | | |
|---|---|---|
| **RASAL SABU** | : | Qualified NET with JRF |
| **SUHANI SUBAIR** | : | Qualified NET |
| **ASHITHAMOL** | : | Qualified SET |

**UMPTEEN NUMBER OF KTET QUALIFIERS**

ARTICLE

# ഞാൻ അൽ അസ്ഹർ ബി. എഡ് കോളേജ്

2019 മാർച്ച് മാസത്തിൽ എന്നോടൊപ്പം കളിച്ചും ചിരിച്ചും ആർത്തുല്ലസിച്ചും നടന്നവർ എന്നെ തനിച്ചാക്കി... ഒരിക്കലും മറക്കില്ല എന്ന സ്ഥിരം പല്ലവി അവരിൽ നിന്നും ഞാൻ കേട്ടു. മൂന്ന് മാസം ഞാൻ ആരോരുമില്ലാതെ വീർപ്പമുട്ടുകയായിരുന്നു... എന്റെ എല്ലാ വിഷമങ്ങൾക്കും വിരാമമിട്ട് കൊണ്ട് ജൂലൈ മാസത്തിൽ എന്നെ നെഞ്ചിലേറ്റാൻ വ്യത്യസ്ത ജില്ലകളിൽ നിന്ന് 50 പേരെത്തി...

തിരുവനന്തപുരത്തു നിന്ന് അജാസ് ഫാത്തിമ, ഷാഫിജ, ഫഹദ്, മുനീർ കൊല്ലത്തു നിന്ന് ജിനു, അനസ് ആലപ്പുഴക്കാരൻ മുഷ്താഖ് കോട്ടയക്കാരായ അഭിജിത്ത്, അഭിരാമി, ആർദ്ര, ജൂവൽ, സുഹാനി ഇടുക്കിയിൽ നിന്നും അനീഷ, റോസ്മേരി, അഭിരാമി, അമൃത, ധന്യ, ദിവ്യ, അലക്സ്, ഐശ്വര്യ, അമൃത ഹരിദാസ്, അഞ്ചു സിബി, അഞ്ചു തോമസ്, അഷിതാമോൾ, അസ്മ, അസ്മിൻ, അശ്വതി, ഫാത്തിമ നൗഫൽ, ഫാത്തിമബി, കിഷോർ, നഫീസ, നസ്റിൻ, റസൽ സാബു, സെബി സാം, ഷാഹിന, ഷംറിൻ, ഷെറിൻ, തുഷാര, എറണാകുളത്തു നിന്ന് അലീഷ, സഫ്ന, സാദിഖ്, മലപ്പുറത്തു നിന്ന് അരവിന്ദ്, അലി, സുഹൈർ, കോഴിക്കോട് നിന്ന് ഹരിത, സിറാജ് കണ്ണൂർ നിന്ന് ഉമ്മർകുട്ടി, അക്ഷയ, കാസർഗോഡ്കാരൻ ഉനൈസ്.

പേരുകളിലും ജില്ലയിലും മാത്രമായിരുന്നു ഇവർ എനിക്ക് വ്യത്യസ്തർ... സ്ഥാനം പോലും നിർണയിക്കാനാവാത്ത വിധം ഇവരെല്ലാം എനിക്ക് തുല്യരായിരുന്നു... എന്നെ തനിച്ചാക്കി അവർ പോകുമെന്ന് അറിഞ്ഞിട്ടും ഞാൻ അവരെ എന്നേക്കാൾ സ്നേഹിച്ചു...

'എഴുതി മടുത്തു'... 'പഠിച്ചു ഭ്രാന്താകുന്നു'... എന്നുള്ള അവരുടെ പരിഭവങ്ങൾക്കിടയിലും അവർ എന്നോട് ഒരു വെറുപ്പും കാണിച്ചില്ല. പ്രളയം കേരളത്തെ ശൂന്യതയിൽ ആഴ്ത്താൻ ശ്രമിച്ചെങ്കിലും നന്മയുള്ള എന്റെ മക്കൾ ആ ശൂന്യതയിൽ നിന്ന് അവരാൽ കഴിയും വിധം 'തട്ടുകട 'എന്ന മാസ്സ് ആശയവുമായി കേരളത്തെ കൈ പിടിച്ചുയർത്താൻ ശ്രമിച്ചു...



പഠനത്തോടൊപ്പം കലാപരിപാടികളായ കാമിയോ' 20, ആർദ്രം'21, കായിക പരിപാടിയായ താണ്ഡവം'20, എസ്പിരിറ്റോ'21 എന്നിവയിലുള്ള അവരുടെ മികവ് എന്റെ മനസ്സിനെ വല്ലാതെ സന്തോഷിപ്പിച്ചു.. അവരെ ഞാൻ സന്തോഷത്തോടെ ഉല്ലാസയാത്രയ്ക്ക് പറഞ്ഞയച്ചെങ്കിലും അവർ എന്നോട് യാത്രപറഞ്ഞു പോകുന്ന വേളയിൽ എനിക്ക് വല്ലാത്ത സങ്കടമായിരുന്നു... അത്ര നേരം അവരെ കാണാൻ സാധിക്കില്ലല്ലോ എന്ന് ഓർത്ത്... ഉല്ലാസയാത്ര കഴിഞ്ഞ് തിരിച്ച് അവർ എന്റെ മുന്നിൽ എത്തിയപ്പോൾ എനിക്ക് വല്ലാത്ത സന്തോഷം എന്റെ മക്കൾ ഒരു കുഴപ്പവുമില്ലാതെ തിരിച്ച് എത്തിയതിൽ..

ആർത്തുല്ലസിച്ചു നടന്ന അവർക്കിടയിൽ കൊറോണ എന്ന മഹാമാരി എത്തി... പക്ഷെ അവർ ആ മഹാമാരിയെ ഓൺലൈൻ ക്ലാസ്സിലൂടെയും മനസ്സിലെ മായാത്ത സ്നേഹത്തിലൂടെയും തോൽപ്പിച്ചു. ബിനോക്സ് എന്ന അറിവിന്റെ മായാലോകവും അവർ ഈ അവസരത്തിൽ നിർമിച്ചു. എന്റെ മക്കളായ അലക്സിന്റെയും റസലിന്റെയും മുനീറിന്റെയും ആശയത്തിൽ നിന്ന് ഉരുത്തിരിഞ്ഞു വന്ന ബിനോക്സ് 2020 ദേശീയതലത്തിൽ ശ്രദ്ധിക്കപ്പെട്ട കേരളക്കര കണ്ട ഏറ്റവും വലിയ വെബിനാർ ഫെസ്റ്റിവൽ ആയിരുന്നു.

കൊറോണക്ക് ശേഷം അവർക്ക് എന്നോട് പഴയ അടുപ്പം കാണില്ല എന്ന് ഞാൻ കരുതി... തുടക്കത്തിലെ പെരുമാറ്റവും അങ്ങനെ ആയിരുന്നു... പക്ഷെ അവർ എന്നെ മുൻപത്തെക്കാൾ കൂടുതൽ സ്നേഹിക്കുകയായിരുന്നു എന്ന് ഞാൻ 'നിറക്കൂട്ട് 2021' ലൂടെ മനസ്സിലാക്കി. സെമിനാറിലൂടെയും വിവിധ കലാപരിപാടിയിലൂടെയും നാവിലൂറുന്ന സദ്യ ഒരുക്കിയും സമൂഹത്തിന് നന്മ ചെയ്ത് കൊണ്ടും ഫാഷൻ ഷോയിലൂടെയും ക്യാമ്പ് ഫയറിലൂടെയും അവരുടെ ക്യാമ്പിനെ അവർ വർണാഭമാക്കി. അവരുടെ കളിയിലും ചിരിയിലും ഞാൻ എല്ലാ വിഷമങ്ങളും മറന്നു.

വെറും കെട്ടിട സമുച്ചയമായ എന്നിൽ ജീവന്റെ ആത്മസ്പർശമേകിയ 50 പേർക്കും പുതിയൊരു തലമുറയെ അധ്യാപനത്തിലൂടെ വാർത്തെടുക്കാൻ കഴിയട്ടെ എന്ന് ഞാൻ ആശംസിക്കുന്നു....




Shafija Z N

REVIEW

# Law and Lost Worlds in Franz Kafka's "The Trial"

The Trial by Franz Kafka is a novel that makes a striking impact on the reader for the observation and contemplated the dehumanizing nature of bureaucracy. The book resonates with a chaotic law of courts and reflects the elements of bureaucratic structure. Set in Prague, it tells the story of Joseph. K who was arrested and prosecuted without doing anything wrong. It represents Joseph K's judgement to seek justice. It is a daring book, for throwing light on the socio-political situations which has a weird nature of judiciary and bureaucracy. It focuses on the connection between law and human life. A great work and a fascinating fiction, it represents adventures to seek justice from the moment of arrest till the end.

The Trial is a powerful sweep on the rigid structure and administration which anticipates a frightening social condition where the dominant institutions of power subordinate and suppress individuals from social spheres. The book reflects real images the writer found in the city of Prague. The title literally means a legal trial. The central character is not taken to the judicial procedure of trial when he is accused of an unknown crime.




The central action anticipated death which deals with the painful struggle of Mr. K to find out the mystery behind the arrest and to learn exactly what law regards to the individual. The major device of the book is law which acts as a tyrannical mystery in the life of K. He wants to escape from the clutches of unknown authority. He was arrested one day without giving any reason. His hope of justice is thwarted by the court associated with dark sides of bureaucracy. K is shocked to find the pointless


The Trial brings forth the distress K. feels when he has blocked within the scary circumstances. It is unknown which crime K. has committed and is unspecified to him. It seems justice is of no use in his life. He is accused illogically. He is incapable of defending himself because he is not aware of the basis of accusation. As the crime is not specified, the logic of punishment is not evident. The law fails in serving justice and serves the conviction in a most cruel way.

The climax of the book magnifies the bound and constructed images of the corruptive mechanism of law. K was mercilessly executed as he said 'Like a Dog'. There is nobody to sympathize and he has never seen any man of justice to extend hands in support for him. If a person is found to be guilty, the law has the power to found whether the one is guilty or not. The accused can defend oneself at the court or can hire judge and seek legal procedures. But these questions or the security of law is not visible for K. He is trying to find why he has tied by the court. He does not know his crime and the crime for which he is executed in the end. This seems the blackest episode in the fictional world created by Kafka. This execution implements "the violence of law on K.'s body". The book signifies the hero's investigation not to prove his innocence but to discover what makes him guilty. He is prosecuted by unknown forces though he is innocent. Justice has enclosed in the classical model of terror system. The Trial led to the inference that the distorted form of bureaucracy exist in the world of Kafka. As the protagonist is tormented by the weird and vague apparatus and he has confronted with the terror of absolute helplessness, the author has succeeded in explicating the loopholes and lack of sincerity in the bureaucracy. K. was arrested without any wrongfull deed. He is on his trial for his right to exist. He shows that the bureaucratization of human life can trap individuals under rational control. The aspect of bureaucratic exaggeration and the social condition envisaged by Kafka is invoking the priority of the book in the modern society.



Nafeesathul Mizriya

POEM



Amrutha Babu

# ഭൂതകാലം

പച്ചപ്പുല്ലിൻ പുതുനാമ്പിലായ്
അന്നു ഞാൻ കണ്ടൊരാ മഞ്ഞുതുള്ളി
അർക്ക പ്രകാശത്തിൽ മഞ്ഞുപോലെ
വെട്ടിത്തിളങ്ങി പുഞ്ചിരിച്ചു

മുത്തെന്നു കരുതി കൊരുത്തെടുക്കാൻ
അറിയാതെ എൻ കരം അടുത്തുചെന്നു
തൊട്ട നിമിഷത്തിൽ ഞാൻ അറിഞ്ഞു
എന്റെയാ മോഹം വെറുതെയായി

തുളുമ്പി വന്നാ മഴനീർക്കണങ്ങൾ
പിഞ്ചുകരത്താൽ തുടച്ചിടുമ്പോൾ
ഗുരുനാഥ തിരുവാക്യങ്ങൾ ഞാൻ
ഒരു വേള മനസ്സിൽ സ്മരിച്ചുപോയി

മിന്നുന്നതൊക്കെയും സത്യമല്ല
ഓർത്തു ദു:ഖിക്കുന്നതോ വ്യർത്ഥം
മറഞ്ഞു ചിരിക്കുന്നതെത്ര കാവ്യം
ഇടറിപ്പോയൊരായെൻ മനത്തെ
തിരികെയെടുത്ത് ഞാൻ നടന്നു.



ARTICLE

# കൊറോണ
## എന്ന മഹാമാരി പഠിപ്പിച്ചത്



Anju Thomas

2020 എന്ന വർഷം ആയപ്പോഴേക്കും ലോകമെമ്പാടും സന്തോഷമോ, ഉന്മേഷമോ അല്ല, മറിച്ചു ആശങ്കകളും ദുഃഖങ്ങളും അനിശ്ചിതത്വങ്ങളും മാത്രം. വില്ലൻ മാറ്റാരുമല്ല കൊറോണ എന്ന ഒരു വൈറസ് ആണ്. ഇത് ഒരു സർവ്വ വ്യാപിയായ അണുബാധയായി മാറിയിരിക്കുന്നു. ചൈനയിലെ വുഹാൻ എന്ന സ്ഥലത്ത് 2019 അവസാനം തുടങ്ങിയ അണുബാധ ഇന്നും പിടി തരാതെ നടക്കുന്നു. ഈ ഒരു അണുബാധ വരാൻ കാരണമായ വൈറസിനെ അതിന്റെ രൂപമാറ്റത്തിന്റെ അടിസ്ഥാനത്തിൽ കോവിഡ് -19 എന്ന് ശാസ്ത്രജ്ഞർ പേരിട്ടു. ചൈനയിലെ ചെറു പട്ടണത്തിലെ അണുബാധ ലോകത്തിലെ തന്നെ ചെറുതും വലുതുമയാ രാഷ്ട്രങ്ങളിലേക്കു ക്ഷണനേരംകൊണ്ട് വ്യാപിച്ചിരിക്കുന്ന കാഴ്ചയാണ് കണ്ടത്. ശാസ്ത്ര സാങ്കേതിക വിദ്യയിൽ ഉന്നതിയിൽ നിൽക്കുന്ന മനുഷ്യൻ ഒരു കീടത്തിനു മുന്നിൽ പകച്ചിരിക്കുന്ന കാഴ്ചയാണ് കണ്ടത്.

ശാസ്ത്രത്തിനു പരിമിതികളുണ്ട്. കോവിഡ് -19 നു എതിരെ ഫലപ്രദമായ വാക്സിനുകളും മരുന്നുകളും ഉണ്ടായി പക്ഷെ അതിനിടക്ക് സംഭവിക്കുന്ന വൈറൽ വ്യാപനം മനുഷ്യന്റെ അരക്ഷിതാവസ്ഥ തുറന്നു കാട്ടുന്നു. അവൻ ഈ പ്രപഞ്ചത്തിൽ ഒരു കീടത്തിനോളം പോന്ന ജീവജാലമെന്ന പാഠം തന്നെയാണ് ഈ വൈറൽ ബാധ നൽകിയ ഏറ്റവും വലിയ സന്ദേശം. പ്രകൃതിയെ നശിപ്പിക്കുവാനുള്ള മനുഷ്യന്റെ അത്യാഗ്രഹം പ്രകൃതിയേക്കാൾ അവൻ വലിയവൻ എന്ന ചിന്തയിൽ നിന്നും ഉയർന്നതാണ്. മനുഷ്യൻ സമൂഹ ജീവിയാണെങ്കിലും അവന്റെ താല്പര്യങ്ങൾ തികച്ചും സ്വാർത്ഥമാണ്. അവന്റെ സ്വാതന്ത്രത്തിനു മേലുള്ള കടന്നുകയറ്റം അവൻ ആഗ്രഹിക്കുന്നില്ല. ഇപ്പോൾ ജീവൻ നിലനിർത്താൻ ലോക്ക് ഡൗൺ പോലുള്ള നിയമങ്ങളോട് നിവർത്തിയില്ലാതെ സഹകരിക്കുന്നു എന്ന് മാത്രം.

ഇന്ന് അണു കുടുംബങ്ങളും ത്വരിത ജീവിതങ്ങളും കൂടിയപ്പോൾ കുടുംബ ബന്ധങ്ങളിലെ ഊഷ്മളതയും സ്വകാര്യതയും നഷ്ടപെടുന്നു. കോവിഡ് എന്ന മഹാമാരി അല്പമെങ്കിലും ഒന്നിച്ചുള്ള കുടുംബ നിമിഷങ്ങളെ തിരികെ നൽകുന്നു. അല്പവിഭവങ്ങളിൽ നിന്നും വലിയ സന്തോഷങ്ങൾ മനുഷ്യൻ ആസ്വദിച്ചു. സമ്പത്തിന് വേണ്ടിയുള്ള പരക്കം പാച്ചിലിനിടയിൽ അത് മാത്രമല്ല ജീവിത സൗഭാഗ്യമെന്നും അവൻ (കൊറോണ) പഠിപ്പിക്കുന്നു. നമ്മുക്ക് നമ്മളോട് മാത്രമല്ല, സമൂഹത്തിനോടും പ്രകൃതിയോടും കൂടി കടപ്പാട് ഉണ്ടാകണം എന്ന് ബോധ്യപെടുത്തി മഹാമാരി. എല്ലാത്തിനും മറുപടി ശാസ്ത്രമാണ് എന്നുള്ള അഹംഭാവം അല്പകാലമെങ്കിലും ശാസ്ത്രം മരവിച്ചു നിൽക്കുന്ന കാഴ്ചയിലൂടെ ഇല്ലാതാകുന്നു.


REVIEW

# THE SECRET

**'Rhonda Byrne'** യുടെ 'ദി സീക്രട് 'എന്ന പുസ്തകം വായിച്ചപ്പോൾ എനിക്ക് തോന്നിയ കുറച്ചു കാര്യങ്ങളാണ് ഇവിടെ പറയാൻ ഉദ്ദേശിക്കുന്നത്. ഇത് വായിച്ച് കഴിയുമ്പോൾ തന്നെ ഒരു പോസിറ്റീവ് സ്പിരിറ്റ് ലഭിക്കുന്നു. ഈ പുസ്തകം പേര് പോലെ തന്നെ, ലോകത്തോട് പറയുന്ന ഒരു രഹസ്യമാണ്. വിജയത്തിലേക്കുള്ള രഹസ്യം ഗലീലിയോ തുടങ്ങി ജീവിതത്തിൽ വിജയം നേടിയവരുടെ നേട്ടത്തിന് പിന്നിൽ നമ്മളറിയാത്ത രഹസ്യത്തിലേക്കാണ് ഈ പുസ്തകം കൊണ്ട് പോകുന്നത്. ഓരോ അധ്യായത്തിന്റെ പേരു കേട്ടാൽ തന്നെ അത് മനസിലാകും. ജീവിതത്തിലേക്കുള്ള രഹസ്യം, ധനത്തിലേക്കുള്ള രഹസ്യം, ബന്ധങ്ങളിലേകുള്ള രഹസ്യം, ആരോഗ്യത്തിലേക്കുളള രഹസ്യം, തുടങ്ങിയ പേരുകളിൽ ഓരോ അധ്യായമായിട്ടാണ് ഇതിൽ രഹസ്യങ്ങൾ പ്രതിപാധിക്കുന്നത്. പ്രധാനമായും നാല് കാര്യങ്ങളാണ് ഈ പുസ്തകം പറയുന്നത്

**1. നല്ലത് ചിന്തിക്കുക നല്ലത് ചെയ്യുക**

ഞാൻ അടക്കംഏതൊരാളും ഉയരങ്ങളിലേക്ക് എത്തിപ്പെടാൻ ആഗ്രഹിക്കുന്നവരാണ. നമ്മൾ മാനസിക സംഘർഷാവസ്ഥയിൽ ഇരിക്കുമ്പോൾ ഉദാഹരണത്തിന് ഒരു എക്സാം തോൽക്കുകയോ, ബിസിനസ് തകരുകയോ ചെയ്താൽ നമ്മൾ ഡിപ്രസ്ഡ് ആകും, ആ അവസ്ഥ എത്തുന്നതിന് മുൻപ് ഈ ബുക്ക് വായിച്ചാൽ നമ്മൾ എങ്ങനെ മറികടക്കാം എന്ന് വ്യക്തമായി പ്രതിപാധിക്കുന്നുണ്ട്. ഏതൊരു സന്ദർഭത്തിലും നല്ലത് മാത്രം ചിന്തിക്കുക എന്ന ആശയമാണ് ഇതിൽ പറയുന്നത്. എന്തിലും നല്ലത് ചിന്തിക്കുക അപ്പോൾ നാം അറിയാതെ തന്നെ അതിലേക്ക് എത്തിച്ചേരും.




**2. ഉള്ളതിൽ സന്തോഷിക്കുക**

ഈ പുസ്തകം മുന്നിൽവെക്കുന്ന രണ്ടാമത്തെ ആശയമാണിത്. എന്താണോ അതിൽ സന്തോഷം കണ്ടെത്തുക. മറ്റുള്ളവരുമായി താരതമ്യം ചെയ്ത് എനിക്ക് അതില്ലല്ലോ എന്നോർത്ത് ദു:ഖിക്കാതിരിക്കുക. ഉയരങ്ങളിലേക്ക് എത്തിച്ചേരാനുള്ള ആഗ്രഹം ഉണ്ടാവുകയും വേണം. എങ്കിൽ മാത്രമേ നേട്ടങ്ങളിൽ സന്തോഷിക്കാൻ സാധിക്കുകയുള്ളൂ

**3. എപ്പോഴും പ്രതീക്ഷ ഉള്ളവരാകുക**

'ഏത് സാഹചര്യത്തിലും എനിക്ക് മുന്നേറാൻ സാധിക്കും' എന്ന് കരുതി മുന്നേറുക

**4. നിങ്ങൾ നിങ്ങളെ തന്നെ വിശ്വസിക്കുക**


ഏത് കാര്യത്തിന് ഇറങ്ങിതിരിച്ചാലും അർപ്പണബോധവും ആത്മവിശ്വാസവും ഉണ്ടാവുക.

ഈ നാല് കാര്യങ്ങളാണ് ഈ പുസ്തകത്തിൽ പ്രധാനമായും പറയുന്നത്. നിങ്ങൾ ആരാണെന്നും നിങ്ങളെക്കൊണ്ട് എന്തൊക്കെ നേടിയെടുക്കാനാകുമെന്നും മനസ്സിലാകാൻ ഈ പുസ്തകം സഹായിക്കുന്നു. നിങ്ങൾക്കുള്ളിൽ മറഞ്ഞിരിക്കുന്ന ശക്തിയെ നിങ്ങൾ അറിയാൻ തുടങ്ങുന്നു. നല്ലത് വരാൻ നന്നായി ജീവിക്കാൻ, എല്ലാവരും വായിച്ചിരിക്കേണ്ട ഒരു പുസ്തകമാണിത്.




Nazrin P Shajahan

POEM



# കാത്തിരിപ്പ്



Asmin Saidh

കാലമുരുളുന്നു മനസ്സിൽ കനലെരിയുന്നു
കാത്തിരിപ്പിൻ വേദന പടരുന്നു
ആരൊരാളതിന്റെ ശബ്ദം മുഴങ്ങുന്നു
ഹൃത്തിൻ നോവായി ആ മുഴക്കം.
അമ്മതൻ മാറിലേക്കു വലിച്ചെറിഞ്ഞ-
പിഞ്ചു ബാല്യത്തെ
അച്ഛന്റെ രൂപത്തെ, ഓർത്തിരിപ്പൂ ഞാൻ.

ഇരുവരുടെ വാശിക്കെറിഞ്ഞനാഥമാക്കിയ
യെൻ ബാല്യത്തെയോർത്തു മിഴിച്ചു നിൽപ്പൂ.
ഓർത്തിരുന്നുവോ പ്രിയപിതാവേ
കനലെരിയുന്ന എന്റെ ബാല്യത്തെ,
നിങ്ങൾ തകർത്തയെന്റെ ബാല്യത്തെ.
എങ്കിലും കരഞ്ഞതില്ലയെൻ മനം
കാത്തിരിപ്പൂ വീണ്ടും കാത്തിരിപ്പൂ.

ചേർത്തുപിടിക്കിലിൻ വാത്സല്യമായ്
തെറ്റുകളിൽ ശാസനമായ്
കൂടെയൊരുറ്റ ചങ്ങാതിയായ്
എന്നുമെൻ കൂടെ ഒപ്പം നടക്കുവാൻ
പ്രിയ പിതാവിനായ് ഈ കാത്തിരിപ്പ്.



ഇന്നുമാ മുറ്റത്ത് നോക്കിയിരിപ്പൂ
കൈനിറയെ മിട്ടായി പൊതികളായ്
വന്നുകയറുന്നയെൻ പ്രാണനെ.
എത്രയെത്ര രാത്രികളിൽ അച്ഛന്റെ
വരവോർത്തെണീറ്റിരിപ്പൂ ഈ മകൾ
കാറ്റുവന്നു  മൂളുന്ന തെക്കേ പടിവാതിലിൽ
കൂകിപ്പാഞ്ഞ തീവണ്ടിയിലേക്കെൻ
മിഴികൾ എത്രയെത്ര നേരം കാത്തിരുന്നു.

വേദന വേദന ചുട്ടുപൊള്ളുന്ന ഹൃദയവേദന-
സഹിച്ചു ഞാനെൻ പ്രിയപിതാവിനായ്
ഉമ്മറകോലായിൽ കാത്തിരിപ്പൂ.
ആർദ്രമൊരു വാക്കിന്റെ പുണ്യത്തിനായ്
ആഴക്കടലുപോലുള്ളൊരു സ്നേഹത്തിനായ്
ഉമ്മറകോലായിൽ പിന്നെയും പിന്നെയും കാത്തിരിപ്പൂ...!



PAINTING



Dhanya Suresh



ARTICLE

# തോൽക്കാൻ പഠിപ്പിക്കാം

ഇന്ന് കൗമാരക്കാരായ കുട്ടികൾക്കിടയിൽ വർധിച്ചുവരുന്ന ഒന്നാണ് ആത്മഹത്യ . നിസാര വിഷയങ്ങൾ പോലും അതിജീവിക്കാൻ കഴിയാതെ അവർ ആത്മഹത്യയിൽ അഭയം പ്രാപിക്കുന്നു. വൈജ്ഞാനിക മുന്നേറ്റങ്ങൾ കൈവരിച്ചിട്ടും ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ നാം വളരെ പിന്നോക്കമാണെന്നു പറയാതെ വയ്യ. ഏതൊരു വിദ്യാർഥിയുടെയും പ്രഥമ വിദ്യാലയമായ സ്വഭവനങ്ങളിൽ നിന്നുതന്നെ നാം മാറ്റത്തിന് തയ്യാറാവണം. അതിനാൽ മാതാപിതാക്കൾക്ക് ഇവ്വിഷയകമായി വ്യക്തമായ ബോധവൽക്കരണം ഗവൺമെന്റിന്റെ നേതൃത്വത്തിൽ നൽകേണ്ടത് അത്യന്താപേക്ഷിതമാണ്. കുട്ടികൾക്ക് മാതാപിതാക്കളോട് കടമകൾ ഉള്ളതുപോലെതന്നെ മാതാപിതാക്കൾക്കും മക്കളോട് ധാരാളം ഉത്തരവാദിത്വങ്ങൾ ഉ ണ്ട്. അവർക്ക് നല്ല വിദ്യാഭ്യാസം വസ്ത്രം, ആഹാരം എന്നീ അടിസ്ഥാന ആവശ്യങ്ങൾ നൽകുക എന്നതിലുപരിയായി അവരുടെ വ്യക്തിത്വ പരിപോഷണത്തിനു നാം ഊന്നൽ നൽകണം.

കുട്ടികൾ ഒരിക്കലും കൂട്ടിലടക്കപ്പെട്ട കിളികളാകരുത്. മനുഷ്യരെയും പ്രകൃതിയെയും സമൂഹത്തെയും അടുത്തറിയുവാനും അവരുമായി ഇടപഴകുവാനും നാം അവരെ അനുവദിക്കണം. ജീവിതത്തെ കൂടുതൽ വ്യക്തമായി അറിയുവാൻ ഇതവരെ സഹായിക്കും. കുട്ടികളെ സ്നേഹിക്കുന്നു എന്നാൽ അവരുടെ എല്ലാ ആഗ്രഹങ്ങളും ഉടനടി നടത്തികൊടുക്കുന്ന ഭൂരിഭാഗം മാതാപിതാക്കളും ധരിച്ചു വെച്ചിരിക്കുന്നത്. അമിതമായ ലാളനയും പിടിവാശിക്കും മുന്നിൽ യാതൊരു എതിർപ്പുമില്ലാതെ വഴങ്ങുകയും ചെയ്യുക വഴി  മാതാപിതാക്കൾ യഥാർത്ഥത്തിൽ സ്വന്തം കുട്ടികളോട് കാണിക്കുന്നത് അക്രമമാണെന്ന് അവർപോലും അറിയുന്നില്ല. വീട്ടിൽ എല്ല ആവശ്യങ്ങളും നേടിയെടുത്തു പരാജയമെന്തെന്നറിയാതെ വളരുന്ന കുട്ടി സമൂഹത്തിലേക്ക് ഇറങ്ങി ചെല്ലുമ്പോൾ നേരിടേണ്ടിവരുന്ന ചെറു തോൽവി പോലും അവനിൽ ശക്തമായ മാനസിക സംഘർഷം ഉണ്ടാക്കിത്തീർക്കുന്നു. അതുകൊണ്ട് തന്നെ നാം നമ്മുടെ മക്കളെ ജയിക്കാൻ മാത്രമല്ല തോൽക്കാനും പഠിപ്പിക്കണം. അവരുടെ അനാവശ്യ പിടിവാശിക്കുമുന്നിൽ നാം വഴങ്ങിക്കൊടുക്കരുത്. ഒരുപക്ഷേ ഒന്നോ രണ്ടോ നേരം ഭക്ഷണം കഴിക്കില്ലായിരിക്കും എന്നാൽ അതുവഴി അവർക്ക് നാം നൽകുന്ന പാഠം ജീവിതത്തിൽ എന്നെന്നും ഉപകാരപ്പെടുന്ന ഒന്നാണെന്നതിൽ രണ്ട ഭിപ്രായമില്ല. ഓരോ മാതാപിതാക്കളും തങ്ങളുടെ കുട്ടികളോട് ഒരധികാരി എന്നതിനുപരി ഒരു കൂട്ടുകാരനെപോലെയാവണം പെരുമാറേണ്ടത്. അവരുടെ ഏതു പ്രശ്നവും തുറന്നുപറയാൻ കഴിയുന്ന ഒരു വേദിയാവണം ഭവനം. അവന്റെ / അവളുടെ ഏതു പ്രശ്നത്തിലും കൂടെ നിൽക്കുന്ന ഉറ്റ ചങ്ങാതിയാവാൻ കഴിഞ്ഞാൽ നമ്മൾ വിജയിച്ച മാതാപിതാക്കൾ ആയി.

ഒരോ മനുഷ്യനും സ്നേഹിക്കപ്പെടാനും പരിഗണിക്കപ്പെടാനും ആഗ്രഹിക്കുന്നവരാണ്. നമ്മുടെ കുഞ്ഞുങ്ങൾ ആഗ്രഹിക്കുന്ന സ്നേഹവും പരിഗണനയും സ്വന്തം വീട്ടിൽ നിന്നും കിട്ടുകയാണെങ്കിൽ അവർ മാതാപിതാക്കൾക്ക് എന്നെന്നും ഗുണം ചെയ്യുന്നവരും കുടുംബത്തോടും നാടിനോടും രാജ്യത്തിനോടും കൂറും പ്രതിബദ്ധതയുമുള്ള ഉത്തമ പൗരന്മാരായി മാറുക തന്നെ ചെയ്യും. സ്നേഹത്തിന്റെ മുഖപടമണിഞ്ഞ കഴുകന്മാരുടെ ചതിക്കുഴിയിൽ നാം നമ്മുടെ കുട്ടികൾക്ക് കാവലാളാവുക.





FAHAD SALIM

SHORT STORY



Aleesha Treesa Jose

# WHO ARE YOU

"Who  are you?"
A sound rose from the extreme end of the auditorium, this sound was familiar to me but I had never met him before. He seemed to be an angry young man of age 28 with a height above 6 feet. He was in a well dressed manner. When he came forward I felt like the whole world stood still only. I felt that I was a statue with a conscious mind. He came in front of me and repeated,
" Who are you?..."
I came to the reality in a second and asked
" What?..."
He repeated, "Who are you to speak about love? "
" How can you say love is immortal? "
" Have you ever loved anyone?"
or
"Have you been loved by anyone?"
"Haven't you been betrayed by anyone?"
A deep silence arose in the auditorium. Every ear was towards me for my reply.
"Akhila..."
"Wake up."
"Don't you go to college?"
Suddenly, with a great astonishment I woke up.
"Is it a dream?"
horrible! "Who is he?"
"How someone can ask me this type of questions."

"Why did he ask so?"
With all these questions I sat on my bed
"Aren't you ready? You are late today, hurry up..."
The sound rose from the kitchen.
I suddenly looked towards the clock,
"Oh! its 8.00 O'clock I need to rush."
I started to dress up.
After the breakfast, I ran towards the bus stop.
"Oh! I missed my bus." I need to wait 20 min for the next bus.
Suddenly, "Is there any bus to Kochi right now?"
The sound seemed to be very familiar to me. I turned towards him.
With astonishment tl realized that it was the same man I saw in my dream.
I felt like I was standing in an ice block. A cold wind blew and I was frozen.
He repeated, "Is there any bus to Kochi right now?"
Suddenly, I asked to him, "who are you?"
"Does anyone love you?"
or
"Is anyone loved by you?"
"Is anyone betrayed by you?"
He stood with astonishment for a second and started laughing.
I came to the reality.
With a shy, I said, "Sorry."
"Yes there is a bus at 9.00am."
Suddenly, my bus came and I ran towards it and looked him with a shy.
He smiled at me. At that moment his face seemed to be a shinning sun.
When the bus moved, he disappeared from my sight.
At that time I felt thirsty like a rose flower without water.
Some questions left in my mind.
"Who is he?"

ARTICLE




Rosemary Tomy

# സൗഹൃദം




സൗഹൃദം കാലം കാത്തുവച്ച നിധിയാണ്. ഒറ്റവാക്കിൽ തീരില്ല സൗഹൃദത്തിന്റെ മാഹാത്മ്യം. ഒരു വ്യക്തിയുടെ ജീവിതവിജയത്തിനു പിന്നിൽ സുഹൃത്തുക്കൾ ഉണ്ടാവും. നമ്മെ കൈ പിടിച്ചു നയിക്കാനും കാലിടറുമ്പോൾ കൈത്താങ്ങായും കാലടികളെ പിൻ തുടരാനും സങ്കടങ്ങളിൽ കൂടെ നിൽക്കാനും സന്തോഷങ്ങളെ ഇരട്ടിക്കാനും ഏഴുതിരിയിട്ട നിലവിളക്കു പോലെ പുഞ്ചിരിയോടെ സുഹൃത്തുക്കൾ നമുക്ക് ഒപ്പം ഉണ്ടാകും. പുഞ്ചിരിക്കുപിന്നിലുള്ള സന്താഷത്തിലും കോപത്തിനു പിന്നിലുള്ള സങ്കടത്തിനും നിശ്ശബ്ദതയുടെയും കാരണമറിയാവുന്നവരെ വിശ്വസിക്കാം. അവർ ഒരിക്കലും നമ്മുടെ ജീവിതത്തിൽ ഒന്നും എഴുതിച്ചേർക്കാൻ ആഗ്രഹിക്കുന്നില്ല. സങ്കടത്തെ മായിച്ച് സന്തോഷവും സ്നേഹവും കൊണ്ട് ജീവിതം മഴവില്ലിനാൽ വർണ്ണശബളമാക്കുന്നു. നീ എന്റെ നല്ല സുഹൃത്താണെന്ന് പറയുമ്പോഴല്ല പ്രവർത്തിച്ച് കാണിക്കുമ്പോഴാണ് സൗഹൃദത്തിന്റെ അർത്ഥം പൂർണ്ണമാകുന്നത്. മറ്റുള്ളവരെക്കാൾ നമ്മളെ ഏറെ മനസ്സിലാക്കുകയും നമ്മിലുള്ള കഴിവുകളെയും പോരായ്മകളെയും മനസിലാക്കുകയും ചെയ്യുന്നത് സുഹൃത്തുക്കളാണ്. നീ ഇല്ലെങ്കിൽ ഞാൻ ഇല്ല എന്നതല്ല സൗഹൃദം. ആരൊക്കെ ഇല്ലെങ്കിലും ഞാൻ നിന്നാടൊപ്പമുണ്ടാകും എന്നതാണ് യഥാർത്ഥ സൗഹൃദം.

ഒരു വസ്ത്രം വാങ്ങാൻ പോകുമ്പോൾ നാം ഒത്തിരിക്കാര്യങ്ങൾ ശ്രദ്ധിക്കുന്നു. നിറം, വില, എത്ര നാൾ ഉപയോഗിക്കാം നമുക്കു ചേരുമോ എന്നെല്ലാം. എന്നാൽ കുറച്ചു കാലങ്ങൾക്ക് മാത്രമായി തിരഞ്ഞെടുക്കാനും നിറങ്ങൾ നോക്കി മാറി മാറി എടുക്കാനും വലിച്ചെറിയാനുമുള്ളതല്ല സുഹൃത്തുക്കൾ. അവസാന നാൾ വരെ നമുക്കു കൂട്ടായി വഴി കാട്ടിയായി വേണ്ട ഒരു അമൂല്യ നിധിയാണിത്. ചങ്ങാതി നന്നായാൽ കണ്ണാടി വേണ്ട എന്ന് പഴമക്കാർ പറഞ്ഞത് എത്രയോ യാഥാർഥ്യമാണ്. നമ്മൾ എങ്ങനെയായിരിക്കുന്നുവെന്ന് മനസ്സിലാക്കുവാൻ സുഹൃത്തിന്റെ മുഖത്തും കണ്ണുകളിലും നോക്കിയാൽ മതി. ഉപയോഗിക്കാത്ത പണം വെറും കടലാസാണ്. പ്രകടിപ്പിക്കാത്ത സ്നേഹം തുരുമ്പിച്ച ആയുധവുമാണ്. നാം ആരെയൊക്കെ സ്നേഹിക്കുന്നു എന്നതിലല്ല കാര്യം. നമ്മളെ ആര് സ്നേഹിക്കുന്നുന്നെ് മനസ്സിലാക്കി ആ സ്നേഹം തിരികെ കൊടുക്കാൻ ശ്രമിക്കണം. ഉറ്റസുഹൃത്ത് ഒരാളിൽനിന്ന് ഏറ്റവും നല്ല മികവ് പുറത്തു കൊണ്ടുവരുന്നു. ഒരു മനുഷ്യൻ ഭൗതികമായ എന്തെല്ലാം ഭാഗ്യങ്ങളുങ്കെിലും സുഹൃത്തില്ലെങ്കിൽ ആൾത്താമസമില്ലാത്ത ഒരു കൊട്ടാരം പോലെ ജീർണ്ണമാണ്. നഷ്ടപ്പെട്ടുപോയ നമ്മുടെ സ്വപ്നത്തെയും ബാല്യത്തെയുമൊക്കെ തിരിച്ചു പിടിക്കാൻ സുഹൃത്തിനെക്കൊണ്ട് ആവും. വീടാകുന്ന ആദിമവിദ്യാലയത്തിലാണ് സൗഹൃദത്തിന്റെ അക്ഷരമാല ഏറ്റവും മെച്ചമായി അഭ്യസിക്കുന്നത്. അതിൽ വിജയിക്കാനാകുന്നെങ്കിൽ നാം ജീവിതത്തിൽ മുന്നേറിയെന്നു തന്നെ പറയാം.



## PAINTING


Divya Suresh






## പ്രളയത്താൽ വിറങ്ങലിച്ച ജനതക്ക് താങ്ങായിരുന്നു 'തട്ടുകട'




**തട്ടുകടയൊരു**
**വിപ്ലവമായിരുന്നു...**

**സ്നേഹം നിറഞ്ഞ**
**ചിരിയുടെ...**

**നിസ്സീമമായ**
**സഹകരണത്തിന്റെ...**





**തളർച്ചയില്ലാത്ത**
**നേരങ്ങളുടെ...**



**കൈകോർത്ത**
**സ്നേഹത്തിന്റെ...**




TASTE OF GENEROSITY

A makeshift food shop set up by the BEd students of Al Azhar College, Thodupuzha, to donate the money they collect from selling home-made food to the flood victims in Wayanad | EXPRESS

INDIAN EXPRESS Wed, 28 August 2019
epaper.newindianexpress.com/c/42958679



**പൊരിവെയിലിനോട്**
**പൊരുതിയതിന്റെ...**




**നിറവാർന്ന**
**നിർവൃതിയുടെ...**

**നിറഞ്ഞുനിന്ന**
**അംഗീകാരത്തിന്റെ...**


ദുരിതമനുഭവിക്കുന്നവർക്ക് കൈത്താങ്ങാവാൻ ഫുഡ് ഫെസ്റ്റുമായി വിദ്യാർഥികൾ

BINOCS

ILLUMINATING MINDS

**"BINOCS 2020 was a national webinar festival emerged from the thoughts of a few students which was to be set in the platform of Al-Azhar Training College (BEd), Thodupuzha.** This webinar festival aimed to ensure the confluence of art, culture, literature, science and psychology. The programme was organized between 23rd August 2020 and 08th September 2020. The webinar was endowed with a lot of renowned speakers across our nation. Around 1500 participants from 18 sates represented more than 400 colleges. The quest for knowledge and wisdom of participants subordinated and defeated the global pandemic covid - 19."





# 12 DAYS OF KNOWLEDGE EXPLOSION





# നിറക്കൂട്ട്

**COMMUNITY CITIZENSHIP CAMP**

DATE: 01, 02, 03, 08, 09 MARCH 2021

**BATCH 2019 – 2021**

"HIRAKOOTTU was the confluence of varied colours representing inherent diversity of students of Al Azhar Training College, Thodupuzha. It manifested divers colours from the dawn of March to March 9th of 2021. It will remain as an eternal memory to cherish and inspire."




DAY 1
**01–03–2021**
കാപ്പിപ്പൊടി











DAY 2
**02–03–2021**
തത്തമ്മപച്ച












DAY 3
**03–03–2021**
മധുരനാരങ്ങ










DAY 4
**08-03-2021**
**ആകാശനീല**

DAY 5
**09-03-2021**
**മിന്നാമിന്നി**













**കലയുടെ വിസ്മയം തീർത്ത് CAMEO 2020, ആർദ്രം 2021**




# കായിക ശക്തി
## മാറ്റുരച്ച താണ്ഡവം 2019, ESPIRITO 2021
















ഉറങ്ങാൻ നേരത്തവൾ പറഞ്ഞു...
ജനാലയടയ്ക്കാൻ പാടില്ല...
നിനയ്ക്കാത്ത നേരത്ത് എനിക്ക്
പെയ്യണമെന്ന് തോന്നിയാലോ...!
കാത്തിരിപ്പാണ്...
ആടി മേഘത്തെ പ്രേമദൂതിനായി
അയച്ച് ഏതോ യക്ഷനായി തീർന്ന കവി...


Rani's
KENNA
BEAUTY WORLD & LADIES STITCHING
OPPOSITE MALABAR GOLD THODUPUZHA
MOB : 9446334409
Wedding Ornaments & Stitching available here
SPA PEDICURE EB FACIAL - ₹1400
HAIR KERATIN - ₹8000
HAIR STRAIGHTENING - ₹2500
FACIAL SPA EB - ₹950
SPA
NORMAL - ₹450
LOREAL - ₹800
SPECIAL WEDDING OFFER
NORMAL MUSLIM HINDU CHRISTIAN - ₹6000
HD MAKE UP - ₹8000


FINE CREW
★ AUTOMOTIVE ★
| SHAPPUMPADI - VENGALLOOR , THODUPUZHA |
| 8089495002 , 7736386010 |
MECHANICAL WORK
DENTING
POLISHING
PAINTING
INTERIOR CLEANING
"TAKE CARE OF YOUR CAR IN THE GARAGE, AND THE CAR WILL TAKE CARE OF YOU ON THE ROAD."
PICK AND DROP SERVICE AVAILABLE


MOOVING EYE
GENTS BEAUTY WORLD
OPPOSITE MALABAR GOLD, THODUPUZHA
Hair cut ₹ 120
Baby hair cut
Shampoo wash
Braid Trimming
Hair Colouring
Natural Henna
Black Henna
Spa Loreal
Dandruff
Oil Massage
Skin
Clean Up
Facial
HAIR CUT BEARD CLEAN UP HAIR WASH ₹ 349
HAIR CUT HEAD MASSAGE HAIR WASH ₹ 249
BLEACH CLEAN UP HAIR SPA ₹ 700
GROOMING STARTING AT ₹ 2000
77 36 38 60 10
81 38 88 19 81


+919947299611
CAR BAY
carcare
NEAR VENGALLOOR SIGNAL ,OONNUKAL ROAD
THODUPUZHA
SUPER EXPRESS
BASIC WASH
- Foaming
- Clean Wash
SUPER WASH
- Foaming
- Clean Wash
- Dry Vacuum
DELUXE WASH
- Foaming
- Clean Wash
- Dry Vacuum
- Underbody Wash
BEST PICK
ELITE WASH
- Foaming
- Clean Wash
- Dry Vacuum
- Underbody Wash
- Engine Room Detailing
LIMITED PERIOD OFFER
mon-thu 11am-3pm
FLAT ₹100 off
WE ALSO EXPERTISE IN
- INTERIOR CLEANING
- INTERIOR STEAMING
- CAR BODY POLISH
- CAR BODY WAX
- BIKE WASH
PICK AND DROP SERVICE AVAILABLE

പഴം, പച്ചക്കറി, പാൽ, മുട്ട, ഇറച്ചി, മീൻ,
ധാന്യങ്ങൾ, സുഗന്ധവ്യഞ്ജനങ്ങൾ,
നാണ്യവിളകൾ...

എല്ലാം വാങ്ങുന്നതിനും
വിൽക്കുന്നതിനും 2 ഏക്കർ 30 സെന്റ് സ്ഥലത്ത്
ഒരുക്കിയിരിക്കുന്ന കാർഷിക വിസ്മയം...

KADS PCL

കാഡ്സ് വില്ലേജ് സ്ക്വയർ, വെങ്ങല്ലൂർ
മങ്ങാട്ടുകവല നാലുവരിപ്പാത.
Ph: **98474 13168** | Visit : **kadspcl.com**

EL GURU
THE LANGUAGE LEARNING HOME

+91 6238 420 522

elguruhome@gmail.com

എൽ ഗുരു

Become a pro in
ENGLISH

GRAMMAR
WRITING
PUBLIC SPEAKING

COURSE DURATION 45 DAYS

കുറഞ്ഞ ചിലവിൽ, ചുരുങ്ങിയ
കാലയളവിൽ ഓൺലൈൻ
വഴി ഇനി ഇംഗ്ലീഷ് പഠനം

COURSES
One-to-One Learning
Group Learning

CONTACT US FOR MORE DETAILS

LEARN
ENGLISH
ONLINE

തവണകളായി
ഫീസ് അടക്കാം

ക്ലാസ്സുകൾ
ആകർഷണീയമാകുന്നുവെങ്കിൽ
മാത്രം അഞ്ചാം ദിവസം
ആദ്യ ഗഡു അടച്ചാൽ മതി




BATCH
2019 - 2021

# നീഹാരം

**വീണലിയാനല്ല വീണ്ടും**
**പെയ്യാനായ് ഒരു മഴമേഘത്തെ**
**കാത്തിരിപ്പാണ്...**

AL-AZHAR
AL AZHAR
TRAINING COLLEGE,
THODUPUZHA

Designed by
**AKSHAY KM**
9946 642 421